VOL NO: 03 | ISSUE 31

# നേർപഥം

## വാരിക

www.nerpatham.com | mail@nerpatham.com

2019 AUGUST 03 | ₹12

### ഐഹിക ജീവിതത്തിൽ മതിമറക്കരുത്

അല്ലലും അലട്ടലുമില്ലാതെ, തിന്നും കുടിച്ചും രസിച്ചും ജീവിതം കഴിച്ചുകൂട്ടുക എന്നത് ഏതൊരാളുടെയും ആഗ്രഹമാണ്. ആഡംബരപൂർണമായ ജീവിതം ദൈവചിന്തയില്ലാത്ത ഒരവസ്ഥയിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കും. ആഗ്രഹിക്കുന്നതെന്തും ലഭ്യമാകുന്ന അവസ്ഥയുണ്ടായാൽ കൂടുതൽ കൂടുതൽ വെട്ടിപ്പിടിക്കുവാനുള്ള ത്വരയും വർധിക്കും. അനുവദനീയം, നിഷിദ്ധം, ധാർമികം, അധാർമികം, സത്യം, അസത്യം, നീതി, അനീതി തുടങ്ങിയ ചിന്തകളൊന്നും അവനെ അലട്ടുകയില്ല. ഐഹിക ജീവിതത്തിന്റെ നശ്വരതയെക്കുറിച്ചും മരണത്തെക്കുറിച്ചും ചിന്തയുണ്ടാവുക എന്നതാണ് ഇതിന് പരിഹാരം.



# കലാലയങ്ങളെ കലാപ ഭൂമിയാക്കരുത്

ജനാധിപത്യമാർഗത്തിലൂടെ കയ്യെത്തിപ്പിടിക്കാൻ കഴിയാത്ത അവകാശങ്ങളെ കയ്യൂക്ക് കൊണ്ട് നേടിയെടുക്കാമെന്ന് വ്യാമോഹിച്ച് കാമ്പസിനെ അക്രമത്തിലേക്കും അരാജകത്വത്തിലേക്കും തള്ളിവിട്ട വിദ്യാർഥി സംഘടനകൾ സ്വന്തക്കാരുടെ ഇടനെഞ്ചിലേക്ക് കഠാരയിറക്കുന്ന തരത്തിലേക്ക് തരംതാഴ്ന്ന അവസ്ഥയിലാണിപ്പോൾ. കൊന്നും കൊലവിളിച്ചും നേടേണ്ടതല്ല അവകാശങ്ങൾ എന്ന തിരിച്ചറിവിലേക്ക് കുട്ടിരാഷ്ട്രീയക്കാരെ നയിക്കാൻ പുതിയ സംഭവവികാസങ്ങൾ ഉപകാരപ്പെടുമോ?

|| മുതിർന്നവർ തഴയപ്പെടേണ്ടവരല്ല
|| സകരിയ്യ സ്വലാഹി: ആർജവമുള്ള വ്യക്തിത്വം
|| തമസ്സു മാറ്റാൻ തപിച്ച സെയ്ദാലിക്കുട്ടി മാസ്റ്റർ

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക
0133 / 2019 ആഗസ്ത് 03 / ദുൽഹിജ്ജ 02
പുസ്തകം 3 / ലക്കം / 31




# കലാലയങ്ങളെ കലാപഭൂമിയാക്കരുത്

നബീൽ പയ്യോളി / 10


**മുഖമൊഴി**

ഐഹിക ജീവിതത്തിൽ മതിമറക്കരുത് / 05
എഡിറ്റർ

**ഓർമ**

സകരിയ്യ സ്വലാഹി: ആർജവമുള്ള വ്യക്തിത്വം / 23
മുബാറക് ബിൻ ഉമർ

**ക്വുർആൻ ദർശനം**

അൽമുദ്ദസ്സിർ (പുതച്ചുമൂടിയവൻ) / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**

വിരമിക്കാത്ത വിരാമം / 34
ഇബ്നു അലി എടത്തനാട്ടുകര

**ലേഖനം**

മുജ്തഹിദായ പണ്ഡിതന്മാരും ഹദീഥുകളും / 06
ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ

യുദ്ധം അരികെ / 14
ഫദ്‌ലുൽ ഹഖ് ഉമരി

തമസ്സു മാറ്റാൻ തപിച്ച സെയ്ദാലിക്കുട്ടി മാസ്റ്റർ / 18
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

മുതിർന്നവർ തഴയപ്പെടേണ്ടവരല്ല / 26
ടി.കെ ത്വൽഹത്ത് സ്വലാഹി

ഗുണകാംക്ഷികളാവുക / 29
മൂസ സ്വലാഹി, കാര



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 92075 25244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



# ആസ്വാദനങ്ങളുടെ അന്തകൻ

മെഡിക്കൽ സയൻസിന്റെ ഈറ്റില്ലമായ എയിംസിൽ നിന്നും ഗോൾഡ് മെഡൽ നേടിയ പ്രശസ്തനായ ഡോക്ടറുടെ ഒരപേക്ഷ വായിക്കാനിടയായി. മാരകമായ ബ്ലഡ്ക്യാൻസർ ബാധിച്ച അദ്ദേഹത്തിന് ബോൺമാരോ ട്രാൻസ്പ്ലാന്റേഷന് യോജിച്ച മജ്ജ തേടിക്കൊണ്ടുള്ളതായിരുന്നു അത്. ജീവിതത്തിനും മരണത്തിനുമിടയിലെ നൂൽപാലത്തിൽ നിന്നുള്ള അപേക്ഷ!

വിവാഹം കഴിഞ്ഞ് ദിവസങ്ങൾ മാത്രം പിന്നിട്ട സന്ദർഭത്തിൽ സംഭവിച്ച ഒരു മേജർ ആക്സിഡന്റിൽ നിന്നും വീൽചെയർ ജീവിതമെങ്കിലും തിരിച്ചുപിടിക്കാനായി നടത്തുന്ന മെഡിക്കൽ പോരാട്ടത്തിന്റെ വിജയത്തിനായി പ്രാർഥിക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള മറ്റൊരു മെസ്സേജ് കണ്ടു.

തന്റെ വിയർപ്പിന്റെ ഗന്ധമുള്ള പുതിയ വീട്ടിലേക്ക് ഒരുപാട് സ്വപ്നങ്ങളുമായി വിമാനമിറങ്ങിയ സുഹൃത്ത് എയർപോർട്ടിൽ നിന്നും വീട്ടിലേക്കുള്ള യാത്രക്കിടയിൽ കാറപകടത്തിൽ മരണപ്പെട്ടതായി കേൾക്കാൻ സാധിച്ചു.

എത്ര വേഗത്തിലാണ് നമ്മുടെ അവസ്ഥകൾ മാറിമറിയുന്നത്! ഒരിക്കലും പ്രതീക്ഷിക്കാത്ത സമയത്ത് തികച്ചും വ്യത്യസ്തമായ മറ്റൊരു അവസ്ഥയിലേക്ക് മാറ്റപ്പെടുന്നു നാം.

എത്രയെത്ര അപകടങ്ങളിൽ നിന്നും മാരകമായ അസുഖങ്ങളിൽ നിന്നുമാണ് നാം ദിനേന അകറ്റപ്പെട്ടു കൊണ്ടിരിക്കുന്നത്! ഒരു നിമിഷാർധം മതിയാവില്ലേ ഏത് വീട്ടിൽ നിന്നും ഒരു കൂട്ടനിലവിളി ഉയരാൻ? മരുന്നിന്റെ മടുപ്പിക്കുന്ന ഗന്ധമുള്ള ബെഡ്റൂമിലെ ഇരുണ്ട ലോകത്തിലേക്ക് ജീവിതം എന്നന്നേക്കുമായി പറിച്ചുനടപ്പെടാൻ?

നമുക്കിന്നത് ഉൾക്കൊള്ളാൻ പോലുമാകുന്നില്ല. അത്ര 'കളർഫുൾ' ആണ് നമ്മുടെ ജീവിതം. അതിനൊരു സഡൻ ബ്രേക്ക്? ഇല്ല, നമ്മുടെ ചിന്തയിൽ ഒരിക്കലും അങ്ങനെയൊന്നില്ല. ഈ വരികൾ വായിക്കുമ്പോൾ പോലും സുഖകരമല്ലാത്ത അത്തരം ചിന്തകളെ അകറ്റിനിർത്താൻ നാം ശ്രമിക്കുന്നു. ശരിയാണ്; നമുക്കാവശ്യം സന്തോഷം നിറയുന്ന ഓർമകളും ചിന്തകളുമാണ്. പക്ഷേ, എത്രതന്നെ മാറ്റിനിർത്താൻ ശ്രമിച്ചാലും ഒരിക്കൽ നമ്മുടെ ജീവിതത്തെയും തേടി വരില്ലേ ആ സഡൻ ബ്രേക്ക്?

'അങ്ങനെ അവരോട് ഉൽബോധിപ്പിക്കപ്പെട്ട കാര്യങ്ങൾ അവർ മറന്നുകളഞ്ഞപ്പോൾ എല്ലാ കാര്യങ്ങളുടെയും വാതിലുകൾ നാം അവർക്ക് തുറന്നുകൊടുത്തു. അങ്ങനെ അവർക്ക് നൽകപ്പെട്ടതിൽ അവർ ആഹ്ലാദം കൊണ്ടപ്പോൾ പെട്ടെന്ന് നാം അവരെ പിടികൂടി. അപ്പോൾ അവരതാ നിരാശപ്പെട്ടവരായിത്തീരുന്നു' (ക്വുർആൻ).

അല്ലാഹുവിന്റെ ഈ പിടുത്തത്തെ പറ്റി നാം ഭയപ്പെടേണ്ടതില്ലേ? അപകട, മരണ വാർത്തകൾ നമുക്കുള്ള ശക്തമായ ഉപദേശങ്ങളാണ്. മരണത്തിനെ കുറിച്ചുള്ള ഓർമ പോലെ നമ്മുടെ ജീവിതത്തെ ശുദ്ധീകരിക്കുന്ന മറ്റൊന്നില്ല തന്നെ. പ്രവാചകന്റെ വചനങ്ങളും അതുതന്നെയാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്: 'ആസ്വാദനങ്ങളുടെ അന്തകനായ മരണത്തെ നിങ്ങൾ ധാരാളമായി സ്മരിക്കുക' (തുർമുദി).

രഹസ്യ-പരസ്യ ജീവിതം സംശുദ്ധമാക്കുന്നതിനുമുള്ള ഏറ്റവും നല്ല മാർഗമാണ് മരണചിന്ത. ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെട്ട ഒരാൾക്കെങ്ങനെയാണ് താൽക്കാലിക ആസ്വാദനത്തിനു വേണ്ടി തിന്മകളിൽ മുഴുകുവാൻ കഴിയുക? അനശ്വരമായൊരു ജീവിതത്തിലെ അവസാനിക്കാത്ത ആസ്വാദനങ്ങൾക്കു വേണ്ടി തിന്മകൾ വെടിയാൻ നമുക്ക് സാധിക്കണം. ഒരു ഹദീഥ് കാണുക:

"റസൂലേ, ജനങ്ങളിൽ ഏറ്റവും മാന്യനും ബുദ്ധിമാനും ആരാണ്?" തിരുമേനിﷺ പറഞ്ഞു: "ജനങ്ങളിൽ ഏറ്റവും മരണസ്മരണയും മരണത്തിനു തയ്യാറെടുപ്പും ഉള്ളവൻ. അത്തരക്കാർ ഇഹലോകത്തു ബഹുമതിയും പരലോകത്തു ശ്രേഷ്ഠതയും കരസ്ഥമാക്കി" (ഇബ്നുമാജ).

**-അബ്ദുൽ ഹസീബ് മഞ്ചേരി**

**വായനക്കാരുടെ പ്രതികരണങ്ങൾ**
**mail@nerpatham.com എന്ന ഇ.മെയിലിലോ**
**9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ**
**നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

# ഐഹിക ജീവിതത്തിൽ മതിമറക്കരുത്

ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പ് ധനാഢ്യനായിരുന്നു മുസ്അബു ബ്നു ഉമൈർﷺ. ദൈവമാർഗത്തിൽ എല്ലാം ചെലവഴിച്ച അദ്ദേഹത്തിന് ഒടുവിൽ വീടുപോലുമില്ലാതെ പള്ളിയുടെ ഒരു ചെരുവിൽ താമസമാക്കേണ്ടിവന്നു! പ്രവാചകാനുചരന്മാരിൽ അധികപേരും ഉടുതുണിക്ക് മറുതുണിയില്ലാത്ത പാവങ്ങളായിരുന്നു. ദാരിദ്ര്യത്തിലും പരീക്ഷണങ്ങളിലും അടിപതറാതെ ജീവിച്ച് അവർ ലോകത്തിന് മാതൃക കാണിച്ചു.

അല്ലലും അലട്ടലുമില്ലാതെ, തിന്നും കുടിച്ചും രസിച്ചും ജീവിതം കഴിച്ചുകൂട്ടുക എന്നത് ഏതൊരാളുടെയും ആഗ്രഹമാണ്. പ്രയാസങ്ങൾ, രോഗങ്ങൾ, പരീക്ഷണങ്ങൾ, ദാരിദ്ര്യം- ഇവയെല്ലാം മനുഷ്യൻ വെറുക്കുന്നു.

ഐഹികവിഭവ ലഭ്യതയുടെ ആധിക്യം മനുഷ്യനെ ദൈവനിഷേധത്തിലേക്കും അധാർമിക പ്രവർത്തനങ്ങളിലേക്കും നയിക്കാൻ സാധ്യതയുണ്ടെന്നത് യാഥാർഥ്യമാണ്. അത്കൊണ്ടു തന്നെ സർവവിധ ഭൗതിക സുഖൈശ്വര്യങ്ങളുമുള്ള കാലഘട്ടത്തെക്കാൾ ഇല്ലായ്മയുടെയും വല്ലായ്മയുടെയും ഇക്കാലമാണ് നല്ലത് എന്ന് പ്രവാചകൻ പറഞ്ഞതായി കാണാം.

നബിﷺ പറഞ്ഞു: "എനിക്കുശേഷം നിങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ ഭയാനകമായി കാണുന്ന ഒരു സംഗതിയത്രെ ഐഹികാഡംബരങ്ങളും അലങ്കാരങ്ങളും നിങ്ങൾക്ക് തുറന്നു കിട്ടുന്നത്" (ബുഖാരി, മുസ്‌ലിം).

ആഡംബരപൂർണമായ ജീവിതം ദൈവചിന്തയില്ലാത്ത ഒരവസ്ഥയിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കും. ആഗ്രഹിക്കുന്നതെന്തും ലഭ്യമാകുന്ന അവസ്ഥയുണ്ടായാൽ കൂടുതൽ കൂടുതൽ വെട്ടിപ്പിടിക്കുവാനുള്ള ത്വരയും വർധിക്കും. അനുവദനീയം, നിഷിദ്ധം, ധാർമികം, അധാർമികം, സത്യം, അസത്യം, നീതി, അനീതി തുടങ്ങിയ ചിന്തകളൊന്നും അവനെ അലട്ടുകയില്ല. എങ്ങനെയെങ്കിലും കൂടുതൽ സമ്പാദിക്കുക, ആസ്വദിക്കുക എന്ന ചിന്തയേ അവനുണ്ടാകൂ.

ഐഹിക ജീവിതത്തിന്റെ നശ്വരതയെക്കുറിച്ചും മരണത്തെക്കുറിച്ചും ചിന്തയുണ്ടാവുക എന്നതാണ് ഇതിന് പരിഹാരം. ഐഹികജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് വിശുദ്ധ ക്വുർആൻ പറയുന്നു:


"നിങ്ങൾ ഗ്രഹിക്കണം; ഐഹികജീവിതം കളിയും വിനോദവും അലങ്കാരവും ധനത്തിലും സന്താനങ്ങളിലും പരസ്പരം അഭിമാനംകൊള്ളലും പെരുമനടിക്കലും മാത്രമാകുന്നു. ഒരു മഴപോലെ. അതുവഴി തഴച്ചു വളരുന്ന സസ്യലതാദികൾ കർഷകരെ ആശ്ചര്യപ്പെടുത്തുന്നു. പിന്നീടത് വാടുന്നു. അപ്പോഴത് മഞ്ഞ നിറമായിമാറുന്നതു കാണാം. പിന്നീടത് വൈക്കോലായി നുറുങ്ങിപ്പോകുന്നു. പരലോകത്ത് കഠിനശിക്ഷയും അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനവുമുണ്ട്. ഇഹലോകജിവിതം കബളിപ്പിക്കുന്ന ചരക്കു മാത്രമാകുന്നു" (57:20).

ഭൗതിക സുഖത്തിനുവേണ്ടി മാത്രം ആഗ്രഹിക്കുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നു: "...ചില മനുഷ്യരുണ്ട്; ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് ഇഹത്തിൽ (നന്മ)തരേണമേ എന്നായിരിക്കും അവർ പറയുക. അവർക്ക് പരലോകത്ത് ഒരു വിഹിതവുമില്ല..." (2:200).

ഉള്ളതിൽ തൃപ്തിയടുവാനും നന്ദി കാണിക്കുവാനുമാണ് സ്രഷ്ടാവ് ആവശ്യപ്പെടുന്നത്. അങ്ങനെയുള്ളവർക്ക് അവൻ വർധനവുനൽകുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു:

"നിങ്ങൾ നന്ദി കാട്ടിയാൽ ഞാൻ നിങ്ങൾക്ക് വർധിപ്പിച്ചുതരും. നന്ദികേട് കാട്ടിയാലോ എന്റെ ശിക്ഷ കഠിനമാണ്" (14:7). ●

**അല്ലലും അലട്ടലുമില്ലാതെ, തിന്നും കുടിച്ചും രസിച്ചും ജീവിതം കഴിച്ചുകൂട്ടുക എന്നത് ഏതൊരാളുടെയും ആഗ്രഹമാണ്. ആഡംബരപൂർണമായ ജീവിതം ദൈവചിന്തയില്ലാത്ത ഒരവസ്ഥയിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കും. ഐഹിക ജീവിതത്തിന്റെ നശ്വരതയെക്കുറിച്ചും മരണത്തെക്കുറിച്ചും ചിന്തയുണ്ടാവുക എന്നതാണ് ഇതിന് പരിഹാരം.**



ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ(റഹി)
വിവർത്തനം: ശമീർ മദീനി



പണ്ഡിതന്മാരോടുള്ള കടപ്പാടുകൾ: 3

# മുജ്തഹിദായ പണ്ഡിതന്മാരും ഹദീഥുകളും

**ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയയുടെ 'റഫ്ഉൽ മലാം' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

## 2

**നാ**ലാമത്തെ കാരണം: സത്യസന്ധനും ഓർമ ശക്തിയുമൊക്കെയുള്ള സ്വീകാര്യയോഗ്യനായ ഒരു നിവേദകന്റെ റിപ്പോർട്ടിൽ ചിലർ കൂടുതലായി വെക്കുന്ന നിബന്ധനകൾ കാരണമായി അഭിപ്രായവ്യത്യാസങ്ങളുണ്ടായേക്കാം. അത്തരം അധിക നിബന്ധനകളിൽ മറ്റു പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ളതാണ് ഇതിന് കാരണം. ഉദാഹരണത്തിന്, വിശ്വസ്തരായ വ്യക്തികളുടെ ആഹാദായ റിപ്പോർട്ടുകൾ ക്വുർആനിനോടും സുന്നത്തിനോടും ഒത്തുനോക്കണം എന്ന ചിലരുടെ നിബന്ധന. അതേപോലെ ഹദീഥിന്റെ നിവേദകൻ കർമശാസ്ത്ര പണ്ഡിതൻ കൂടിയായിരിക്കണമെന്ന നിബന്ധന; വിശിഷ്യാ ക്വിയാസിന്റെ അടിസ്ഥാനങ്ങൾക്ക് എതിരായി റിപ്പോർട്ട് ഉദ്ധരിക്കപ്പെടുമ്പോൾ. അപ്രകാരം ത

ന്നെ, എല്ലാവരെയും ബാധിക്കുന്ന പൊതുവായ ഹദീഥുകളാണ് എങ്കിൽ പ്രചുര പ്രചാരം നേടാതെ പോയാൽ സ്വീകരിക്കാൻ നിർവാഹമില്ല എന്ന നിലപാടും ഇതിനുദാഹരണമാണ്. ഇതല്ലാത്ത വേറെയും പല നിബന്ധനകൾ ഇത്തരം ചർച്ചാ മേഖലകളിൽ സുപരിചിതമാണ്.

അഞ്ചാമത്തെ കാരണം: ഒരു പണ്ഡിതന് ഹദീഥ് സ്വഹീഹായി തന്നെ ലഭിക്കുകയും സ്ഥിരീകരിക്കുകയും ചെയ്തതിന് ശേഷം അദ്ദേഹം അത് മറന്ന് പോകുന്നതിനാൽ ഹദീഥിനെതിരായി അദ്ദേഹത്തിന്റെ വാക്കുകൾ വരാം. ക്വുർആനിന്റെയും സുന്നത്തിന്റെയും കാര്യത്തിൽ ഒരു പണ്ഡിതന് ഇങ്ങനെ സംഭവിച്ചേക്കാം. ഉമർ‍ﷺവിന്റെ പ്രസിദ്ധമായ ഹദീഥ് ഇതിന് ഉദാഹരണമാണ്. ഒരിക്കൽ ഉമർﷺവിനോട് ഇങ്ങനെ ചോദിച്ചു: "ഒരാൾ യാത്രയിൽ വലിയ അശുദ്ധിയുള്ള (ജനാബത്ത്) ആളായി. കുളിച്ച് ശുദ്ധി വരുത്താൻ വെള്ളമാണെങ്കിൽ ഇല്ലതാനും. അപ്പോൾ അയാൾ എന്തു ചെയ്യും?" വെള്ളം കിട്ടുന്നതുവരെ അയാൾ നമസ്കരിക്കേണ്ടതില്ല എന്ന് അദ്ദേഹം മറുപടി പറഞ്ഞു. അപ്പോൾ അമ്മാറുബ്നു യാസിർﷺ ഉമർﷺവിനോട് പറഞ്ഞു: "അല്ലയോ അമീറുൽ മുഅ്മിനീൻ, നിങ്ങൾ ഓർക്കുന്നില്ലേ? ഞാനും നിങ്ങളും ഒട്ടകങ്ങളുമായി പോകുമ്പോൾ നമുക്ക് വലിയ അശുദ്ധിയുണ്ടായതും അങ്ങനെ ഞാൻ ശുദ്ധിവരുത്താനായി മൃഗങ്ങൾ മണ്ണിൽ കിടന്ന് ഉരുളുന്നത് പോലെ ഉരുണ്ട് മറിഞ്ഞതും നിങ്ങൾ നമസ്കരിക്കാതിരിക്കുകയും ചെയ്ത സംഭവം? എന്നിട്ട് ഞാൻ അത് നബിﷺയോട് പറഞ്ഞപ്പോൾ അവിടുന്ന് 'നിനക്ക് ഇങ്ങനെ ചെയ്താൽ മതിയായിരുന്നു' എന്ന് പറഞ്ഞ് കൈരണ്ടും നിലത്തടിച്ച് അതുകൊണ്ട് മുഖവും കൈപ്പടങ്ങളും തടവിയത്." അപ്പോൾ അമ്മാർﷺവിനോട് ഉമർﷺ പറഞ്ഞു: 'അമ്മാറേ, നീ അല്ലാഹുവിനെ സൂക്ഷിക്കുക.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ല, താങ്കൾ അത് പറഞ്ഞു കൊള്ളുക.' ഇത് ഉമർﷺ സാക്ഷിയായ ഒരു സുന്നത്താണ്. പക്ഷേ, അദ്ദേഹമത് മറന്നുപോവുകയും അതിന് വിരുദ്ധമായി 'ഫത്‌വ' നൽകുകയും ചെയ്തപ്പോൾ അമ്മാർﷺ പ്രസ്തുത സംഭവം ഓർമിപ്പിക്കുന്നു. എന്നിട്ടും അദ്ദേഹത്തിനത് ഓർമ വരുന്നില്ല! എന്നാൽ അമ്മാർﷺ കളവാണ് പറഞ്ഞതെന്ന് പറയുകയോ തടയുകയോ ചെയ്യാതെ ആ ഹദീഥ് പറയുവാൻ അദ്ദേഹത്തോട് നിർദേശിക്കുകയും ചെയ്യുന്നു. (ഇമാം മുസ്‌ലിം ഇത് പൂർണമായി ഉദ്ധരിച്ചിട്ടുണ്ട്. ബുഖാരിയും അബൂദാവൂദ്, തിർമിദി, നസാഈ, ഇബ്നുമാജ മുതലായവർ സമാനമായ പദങ്ങളിലൂടെ ഇതിന്റെ സംക്ഷിപ്ത രൂപം ഉദ്ധരിക്കുന്നുണ്ട്).

ഇതിനെക്കാൾ അത്ഭുതകരമാണ് ഉമർﷺ ഒരിക്കൽ ജനങ്ങളോട് ഖുത്വുബ നിർവഹിച്ചുകൊണ്ടിരിക്കെ പറഞ്ഞത്: "ആരെങ്കിലും നബിﷺ തന്റെ ഭാര്യമാർക്ക് നൽകിയ മഹ്‌റിനെക്കാളും അല്ലെങ്കിൽ മക്കൾക്ക് നിശ്ചയിച്ച മഹ്‌റിനെക്കാളും കൂടുതൽ മഹ്‌റ് അധികരിപ്പിച്ചാൽ ഞാനത് തിരിച്ച് കൊടുപ്പിക്കും."

അപ്പോൾ ഒരു സ്ത്രീ അദ്ദേഹത്തോട് പറഞ്ഞു: "അല്ലയോ അമീറുൽ മുഅ്മിനീൻ! അല്ലാഹു ഞങ്ങൾക്ക് അനുവദിച്ച് നൽകിയത് താങ്കൾ എന്തിന് തടയുന്നു?" എന്നിട്ട് അവർ "നിങ്ങൾ അവർക്ക് ഒരു കൂമ്പാരം നൽകിയാലും" എന്ന സൂറതുന്നിസാഇലെ 20മത്തെ വചനം ഓതി. അപ്പോൾ ഉമർﷺ ആ സ്ത്രീയുടെ വാക്ക് സ്വീകരിച്ചു. ആ ആയത്ത് മനഃപാഠമുള്ള ആളായിട്ടും അദ്ദേഹം അത് മറന്ന് പോയി. (ഈ ഹദീഥിൽ രണ്ട് സംഗതികളുണ്ട്. (1) നബിﷺയുടെ പത്നിമാരുടെയും പെൺമക്കളുടെയും മഹ്‌റിനെക്കാൾ കൂടുതൽ മഹ്‌റ് വാങ്ങുന്നതിനെ ഉമർﷺ വിലക്കുന്നു എന്നത്. (2) ഒരു സ്ത്രീ ഉമർﷺവിനോട് വിയോജിപ്പ് പ്രകടിപ്പിക്കുകയും അല്ലാഹുവിന്റെ വചനം തെളിവവയി ഉദ്ധരിക്കുകയും ചെയ്യുന്നു എന്നത്).

**സത്യസന്ധനും ഓർമശക്തിയുമൊക്കെയുള്ള സ്വീകാര്യയോഗ്യനായ ഒരു നിവേദകന്റെ റിപ്പോർട്ടിൽ ചിലർ കൂടുതലായി വെക്കുന്ന നിബന്ധനകൾ കാരണമായി അഭിപ്രായവ്യത്യാസങ്ങളുണ്ടായേക്കാം. അത്തരം അധിക നിബന്ധനകളിൽ മറ്റു പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ളതാണ് ഇതിന് കാരണം. ഉദാഹരണത്തിന്, വിശ്വസ്തരായ വ്യക്തികളുടെ ആഹാദായ റിപ്പോർട്ടുകൾ ക്വുർആനിനോടും സുന്നത്തിനോടും ഒത്തുനോക്കണം എന്ന ചിലരുടെ നിബന്ധന. അതേപോലെ ഹദീഥിന്റെ നിവേദകൻ കർമശാസ്ത്ര പണ്ഡിതൻ കൂടിയായിരിക്കണമെന്ന നിബന്ധന; വിശിഷ്യാ ക്വിയാസിന്റെ അടിസ്ഥാനങ്ങൾക്ക് എതിരായി റിപ്പോർട്ട് ഉദ്ധരിക്കപ്പെടുമ്പോൾ. അപ്രകാരം തന്നെ, എല്ലാവരെയും ബാധിക്കുന്ന പൊതുവായ ഹദീഥുകളാണ് എങ്കിൽ പ്രചുര പ്രചാരം നേടാതെ പോയാൽ സ്വീകരിക്കാൻ നിർവാഹമില്ല എന്ന നിലപാടും ഇതിനുദാഹരണമാണ്.**

മഹ്ർ വർധിപ്പിക്കുന്നത് വിലക്കിക്കൊണ്ടുള്ള ഉമർؓവിന്റെ വാക്കുകൾ ഇമാം അഹ്മദും അബൂദാവൂദും തിർമിദിയും നസാഇയും ഇബ്‌നു മാജയുമൊക്കെ വിവിധ പരമ്പരകളിലൂടെ മുഹമ്മദ്ബ്‌നു സീരിനിൽ നിന്നും അദ്ദേഹം അബുൽ അജ്ഫാഉസ്സുലമിയിൽ നിന്നും ഉദ്ധരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: "ഉമർؓ പറയുന്നതായി ഞാൻ കേട്ടു: 'നിങ്ങൾ സ്ത്രീകളുടെ മഹ്‌റിന്റെ കാര്യത്തിൽ അതിരുകവിയരുത്. അത് ദുൻയാവിൽ ഒരു മഹത്ത്വമോ റബ്ബിന്റെ അടുക്കൽ ഒരു പുണ്യമോ ആയിരുന്നെങ്കിൽ അതിന് നിങ്ങളിലേറ്റവും അർഹൻ നബിﷺയാണ്. അല്ലാഹുവിന്റെ തിരുദൂതൻﷺ തന്റെ ഭാര്യമാരിൽ ഒരാൾക്കും അപ്രകാരം പെൺമക്കളിൽ ഒരാൾക്കും തന്നെ 12 ഊഖിയയെക്കാൾ കൂടുതൽ മഹ്ർ നൽകിയിട്ടില്ല.' തിർമിദി പറയുന്നു: 'ഈ ഹദീഥ് സ്വഹീഹാണ്. മഹ്ർ കൂട്ടലും കുറക്കലുമൊക്കെ വരന്റെ സാമ്പത്തിക ശേഷിക്കനുസരിച്ചാണ്. അബൂസലമതുബ്‌നു അബ്ദിർറഹ്മാൻؓ പറഞ്ഞതായി ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു: "എത്രയായിരുന്നു നബിﷺയുടെ മഹ്ർ എന്ന് ഞാൻ പ്രവാചക പത്നി ആഇശؓ യോട് ചോദിച്ചു. പന്ത്രണ്ടര ഊഖിയയായിരുന്നു എന്ന് അവർ പറഞ്ഞു. അതായത് 500 ദിർഹം. ഇതാണ് നബിﷺ തന്റെ ഭാര്യമാർക്ക് മഹ്‌റായി നൽകിയത്."

അബൂഹുറയ്‌റؓവിൽ നിന്നും ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു: "ഒരാൾ നബിﷺയുടെ അടുക്കൽ വന്നിട്ട് പറഞ്ഞു: 'ഞാൻ ഒരു അൻസ്വാരി സ്ത്രീയെ വിവാഹം ചെയ്തു.' അപ്പോൾ നബിﷺ അദ്ദേഹത്തോട് ചോദിച്ചു: 'എത്ര മഹ്ർ നൽകിയാണ് നീ അവളെ വിവാഹം ചെയ്തത്?' അദ്ദേഹം പറഞ്ഞു: 'നാല് ഊഖിയ വെള്ളിക്ക്.' അപ്പോൾ നബിﷺ അദ്ദേഹത്തോട് പറഞ്ഞു: 'നാല് ഊഖിയ വെള്ളിക്കോ? നിങ്ങൾ ഈ മലയിൽ നിന്ന് വെള്ളി മാന്തിയെടുക്കുന്നത് പോലുണ്ടല്ലോ!' അദ്ദേഹത്തിന്റെ മോശം അവസ്ഥയും പരിതസ്ഥിതികളും അറിയാവുന്നത് കൊണ്ടും അയാൾക്ക് അതിന് സാധിക്കുകയില്ല എന്ന് നബിﷺ മനസ്സിലാക്കിയത് കൊണ്ടുമാണ് അങ്ങനെ പ്രതികരിച്ചത്.

ഉമർؓ മഹ്‌റിന്റെ കാര്യത്തിലുള്ള അതിരുകവിച്ചിലിനെയാണ് വെറുത്തതും വിലക്കിയതും. ഇതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. എന്നാൽ ഉമർؓവിനെ ഒരു സ്ത്രീ എതിർക്കുകയും ക്വുർആൻ സൂക്തം തെളിവാക്കുകയും ചെയ്ത കഥ അബൂയഅ്‌ലؓയാണ് ഉദ്ധരിച്ചത്. അതിന്റെ പരമ്പരയിൽ മുജാലിദ്ബ്‌നു സഈദ് എന്ന വ്യക്തിയുണ്ട്. അയാൾ അസ്വീകാര്യനാണ്. അദ്ദേഹത്തെക്കുറിച്ച് ഇബ്‌നു ഹജർ (റഹി) തന്റെ തക്വ്‌രീബിൽ പറഞ്ഞത് 'അയാൾ പ്രബലനല്ല' എന്നാണ്. അദ്ദേഹത്തിന്റെ അവസാനകാലത്ത് ഓർമക്ക് തകരാറ് സംഭവിച്ചിട്ടുണ്ട്. ഈ കഥ കണ്ണിമുറിഞ്ഞ (മുൻക്വതിആയി) വേറെ പരമ്പരകളിലൂടെയും വന്നിട്ടുണ്ട്.

അപ്രകാരം തന്നെ ആ സ്ത്രീ ആയത്ത് തെളിവാക്കിയത് അസ്ഥാനത്താണ്. കാരണം പ്രസ്തുത ആയത്ത് പ്രതിപാദിക്കുന്നത് വിവാഹമോചനം



**അബൂഹുറയ്‌റؓവിൽ നിന്നും ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു: "ഒരാൾ നബിﷺയുടെ അടുക്കൽ വന്നിട്ട് പറഞ്ഞു: 'ഞാൻ ഒരു അൻസ്വാരി സ്ത്രീയെ വിവാഹം ചെയ്തു.' അപ്പോൾ നബിﷺ അദ്ദേഹത്തോട് ചോദിച്ചു: 'എത്ര മഹ്ർ നൽകിയാണ് നീ അവളെ വിവാഹം ചെയ്തത്?' അദ്ദേഹം പറഞ്ഞു: 'നാല് ഊഖിയ വെള്ളിക്ക്.' അപ്പോൾ നബിﷺ അദ്ദേഹത്തോട് പറഞ്ഞു: 'നാല് ഊഖിയ വെള്ളിക്കോ? നിങ്ങൾ ഈ മലയിൽ നിന്ന് വെള്ളി മാന്തിയെടുക്കുന്നത് പോലുണ്ടല്ലോ!' അദ്ദേഹത്തിന്റെ മോശം അവസ്ഥയും പരിതസ്ഥിതികളും അറിയാവുന്നത് കൊണ്ടും അയാൾക്ക് അതിന് സാധിക്കുകയില്ല എന്ന് നബിﷺ മനസ്സിലാക്കിയത് കൊണ്ടുമാണ് അങ്ങനെ പ്രതികരിച്ചത്.**

(ഖുൽഅ്) ചെയ്തവളെക്കുറിച്ചാണ്. അതായത്, ആയത്തിന്റെ വിവക്ഷ; നിങ്ങൾ മുൻഭാര്യയെ വെറുക്കുകയും അവളുമായി നല്ല രൂപത്തിൽ കഴിഞ്ഞു പോകാൻ സാധിക്കാതെ വരികയും വേറെ ഒരുവളെ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുകയുമാണെങ്കിൽ-അവളാകട്ടെ വ്യക്തമായ ഒരു മ്ലേഛവൃത്തി ചെയ്തിട്ടുമില്ല- ഇത്തരം ഒരു സാഹചര്യത്തിൽ നിങ്ങൾ അവൾക്ക് ഒരു കൂമ്പാരം തന്നെ സ്വത്ത് മുമ്പ് നൽകിയിട്ടുണ്ടെങ്കിലും അതവൾ എടുത്തുപയോഗിച്ച് പോവുകയോ സൂക്ഷിച്ചു വെക്കുകയോ ചെയ്തതാണെങ്കിലും നിങ്ങൾക്കതിൽ അവകാശമില്ല. ഇനി അതല്ല നിങ്ങളവൾക്ക് കൊടുക്കാമെന്ന് പറഞ്ഞ സ്വത്താണെങ്കിൽ നിങ്ങളുടെ ഉത്തരവാദിത്തത്തിലുള്ള ഒരു കടമായി അത് മാറും. അതിൽ നിന്ന് നിങ്ങൾ ഒന്നും എടുക്കാൻ പാടുള്ളതല്ല. പ്രത്യുത അതു മുഴുവൻ അവൾക്ക് അവകാശപ്പെട്ടതാണ്. കാരണം, നിങ്ങൾ അവളെ ഒഴിവാക്കി വേറെ ഒരുവളെ സ്വീകരിക്കുന്നത് അവളിലുള്ള മതപരമായ വല്ല കുറ്റവും കൊണ്ടല്ല; മറിച്ച് നിങ്ങളുടെ സ്വന്തം താൽപര്യത്താലാണ്. അല്ലാതെ അവൾ നിങ്ങളിൽ നിന്ന് വേർപിരിയാനായി ഇങ്ങോട്ട് ആവശ്യപ്പെടുകയോ 'ത്വലാക്ക്' ചെയ്യാൻ പ്രേരിപ്പിക്കുകയോ മറ്റോ ആണെങ്കിൽ മഹ്ർ തിരിച്ചു വാങ്ങാമായിരുന്നു. അത്തരം യാതൊരു നടപടിയും അവളുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ലെങ്കിൽ പിന്നെ എങ്ങനെയാണ് അവൾക്ക് നൽകിയ സ്വത്തിൽ നിന്നും വാങ്ങൽ നിങ്ങൾക്ക് അനുവദനീയമാവുക?

അപ്രകാരം തന്നെ അലിؓ ജമൽ യുദ്ധ ദിവസം സുബൈർؓവിനെ ഒരു കാര്യം ഓർമിപ്പിക്കുന്നു. നബിﷺ അലിؓവിനോടും സുബൈർؓവിനോടും പറഞ്ഞ കാര്യമായിരുന്നു അത്. അപ്പോൾ അദ്ദേഹത്തിന് അത് ഓർമവരികയും യുദ്ധത്തിൽനിന്ന് പിന്തിരിയുകയും ചെയ്തു (ഇബ്നുകഥീറിന്റെ അൽബിദായ വന്നിഹായ, 7/240 നോക്കുക). ഇത്തരത്തിലുള്ള സംഭവങ്ങൾ മുൻകാലക്കാർക്കിടയിലും പിൻകാലക്കാർക്കിടയിലും ധാരാളമായി ഉണ്ടായിട്ടുണ്ട്. ●

peaceradio
Tune to reality

ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ

**ഇ മദ്രസ**
അല്ലാഹു
ജംഷീർ സ്വലാഹി
29.07.19 തിങ്കൾ 7:10 AM

**അടിത്തറകൾ**
പരലോക വിശ്വാസം: മൂന്ന് തരം ജനങ്ങൾ
ഫ്ദലുൽ ഹഖ് ഉമരി
30.07.19 ചൊവ്വ 9:00 PM

**ജനക്ഷേമം**
വൈദ്യുതി ഉപയോഗം സുരക്ഷിതമാക്കാം, ഭാഗം: 1
കൗസർ ഫാറൂഖ് (അസിസ്റ്റൻറ് എൻജിനീയർ, കെ.എസ്.ഇ.ബി പട്ടിക്കാട്)
ബഷീർ വി.പി (പീസ് റേഡിയോ പ്രതിനിധി)
31.07.19 ബുധൻ 9:25 PM

**സലഫി ദുറൂസ്**
നുബുവ്വത്തിന്റെ തെളിവുകൾ: 130
നബിﷺയുടെ മനസ്സിന്റെ ആരോഗ്യം
ഭാഗം: 4
അബൂബക്കർ സലഫി
01.08.19 വ്യാഴം 9:00 PM

**അൽ ഉസൂൽ**
ഹദീസും ബുദ്ധിയും, ഭാഗം: 4
അബ്ദുൽ മാലിക് സലഫി
03.08.19 ശനി 09:00 PM

**ഇലൽ അറബിയ്യ**
അറബി ഭാഷാ പഠനം, ഭാഗം: 45
ഹുസൈൻ പാലക്കോടൻ
04.08.19 ഞായർ 9:25 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

നബീൽ പയ്യോളി
nabeelpayyoly@gmail.com




# കലാലയങ്ങളെ കലാപഭൂമിയാക്കരുത്

**ജനാധിപത്യമാർഗത്തിലൂടെ കയ്യെത്തിപ്പിടിക്കാൻ കഴിയാത്ത അവകാശങ്ങളെ കയ്യൂക്ക് കൊണ്ട് നേടിയെടുക്കാമെന്ന് വ്യാമോഹിച്ച് കാമ്പസിനെ അക്രമത്തിലേക്കും അരാജകത്വത്തിലേക്കും തള്ളിവിട്ട വിദ്യാർഥി സംഘടനകൾ സ്വന്തക്കാരുടെ ഇടനെഞ്ചിലേക്ക് കഠാരയിറക്കുന്ന തരത്തിലേക്ക് തരംതാഴ്ന്ന അവസ്ഥയിലാണിപ്പോൾ. കൊന്നും കൊലവിളിച്ചും നേടേണ്ടതല്ല അവകാശങ്ങൾ എന്ന തിരിച്ചറിവിലേക്ക് കുട്ടിരാഷ്ട്രീയക്കാരെ നയിക്കാൻ പുതിയ സംഭവവികാസങ്ങൾ ഉപകാരപ്പെടുമോ?**

വിവാദങ്ങളിൽ വീണ്ടും വിറങ്ങലിച്ച് നിൽക്കുകയാണ് അനന്തപുരി. കേരളത്തിന്റെ ഭരണസിരാകേന്ദ്രത്തിന് വിവാദങ്ങൾ ഒരു പുത്തരിയല്ല. പക്ഷേ, ഇപ്പോൾ കേരളം മുഴുവൻ പുതിയ ചില സംഭവവികാസങ്ങൾക്കും നിലപാടുകൾക്കും സാക്ഷിയാവുന്നു എന്നതാണ് കേരള സർവകലാശാല കോളേജുമായി ബന്ധപ്പെട്ട വിവാദങ്ങളെ വ്യത്യസ്തമാക്കുന്നത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് വിദ്യാർഥി അഖിലിന് കുത്തേറ്റതാണ് പുതിയ വിവാദങ്ങളുടെ തുടക്കം. എസ്.എഫ്.ഐ കോളേജ് യൂനിറ്റ് ഭാരവാഹികൾ അതേ സംഘടനയിലെ വിദ്യാർഥിയുടെ നെഞ്ചിലേക്ക് കഠാര കയറ്റിയതിന്റെ വാർത്ത ഞെട്ടലോടെയാണ് കേരളം കേട്ടത്.

കാലങ്ങളായി തങ്ങളുടെ ഉരുക്കുകോട്ടയായി വിപ്ലവ വിദ്യാർഥി പ്രസ്ഥാനം കൊണ്ടുനടക്കുന്ന ക്യാമ്പസിൽ നിന്ന് ആദ്യമായി തങ്ങൾക്കെതിരെ കോളേജിലെ ബഹുഭൂരിപക്ഷം വിദ്യാർഥികളും രംഗത്ത് വന്നത് അവരെ ഞെട്ടിച്ചു. കണ്ണുരുട്ടിയും കത്തികാട്ടിയും തങ്ങളുടെ ചൊൽപടിയിൽ നിർത്തിയയവർ തങ്ങൾക്കെതിരെ മുഷ്ടിചുരുട്ടി മുദ്രാവാക്യങ്ങളുമായി പരസ്യമായി ഇറങ്ങിയത് എസ്.എഫ്.ഐയെ പ്രതിരോധത്തിലാക്കി. 'എവിടെ എവിടെ സ്വാതന്ത്ര്യം, എവിടെ എവിടെ ജനാധിപത്യം, എവിടെ എവിടെ സോഷ്യലിസം' എന്ന മുദ്രാവാക്യം തെല്ലൊന്നുമല്ല ആ സംഘടനയുടെ നേതൃത്വത്തെ അമ്പരപ്പിച്ചത്. തങ്ങളുടെ ശുഭ്ര പതാകയിൽ ഉല്ലേഖനം ചെയ്ത വാചകങ്ങളെ കേവലം വാചകങ്ങൾക്കപ്പുറത്ത് പ്രായോഗിക തലത്തിൽ തങ്ങൾ കണ്ടില്ലെന്ന് ആ സംഘടനയുടെ പ്രവർത്തകർക്ക് തുറന്ന് പറയേണ്ടിവന്നു.

സ്വാതന്ത്ര്യവും ജനാധിപത്യവും സോഷ്യലിസവും പുലരാനാണ് നാം പണിയെടുക്കുന്നതെന്ന് ലോകത്തോട് വിളിച്ചു പറഞ്ഞവർക്ക് അത് സ്വന്തം ആധിപത്യമുള്ള ഇടങ്ങളിൽ പോലും നടപ്പാക്കാൻ പറ്റാത്തത് ആ സംഘടനയുടെ തന്നെ അസ്തിത്വത്തെ ചോദ്യം ചെയ്യുന്ന രീതിയിലേക്ക് മാറി. ഇതിന്റെ അപകടം തിരിച്ചറിഞ്ഞ മുതിർന്ന കമ്യൂണിസ്റ്റുകാരും മുൻ എസ്.എഫ്.ഐ ഭാരവാഹികളും തങ്ങളുടെ രോഷം പരസ്യമായി പ്രകടിപ്പിക്കുകയും സമൂഹത്തോട് തെറ്റ് ഏറ്റുപറയുകയും ചെയ്യുന്ന കാഴ്ച കേരള രാഷ്ട്രീയ ചരിത്രത്തിൽ വേറിട്ടുതന്നെ നിൽക്കും. തങ്ങളുടെ അണികൾ പൊറുക്കപ്പെടാൻ പറ്റാത്ത അപരാധമാണ് ചെയ്തതെന്നും ഇത്തരം പ്രവണതകൾ അവസാനിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നുമൊക്കെ നേതാക്കൾക്ക് തുറന്നുപറയേണ്ടിവന്നു. സി.പി.എം നേതൃത്വത്തിനും സംസ്ഥാന സർക്കാരിനു തന്നെയും ചെറിയ അപമാനമല്ല ഇത് വരുത്തിവെച്ചിരിക്കുന്നത്. കുത്തിയവനും കുത്തേറ്റവനും ഒരേ പതാകക്ക് കീഴിൽ അണിനിരന്നവരാണെന്നത് ന്യായീകരിക്കാൻ പറ്റാത്തവിധം അവരെ പ്രതിരോധത്തിലാക്കി. അക്രമ രാഷ്ട്രീയത്തിനും അടിച്ചമർത്തലിനുമെതിരെ വ്യാപകമായ തോതിൽ ശക്തമായ ഭാഷയിൽ പ്രതികരണങ്ങൾ ഉണ്ടായി. ചാനലുകൾ എന്നും അന്തിച്ചർച്ചക്ക് ഇത് വിഷയമാക്കി.

കേരളത്തിലെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രമുഖരെല്ലാം ഈ വിവാദങ്ങളിൽ തങ്ങളുടെ രോഷം പ്രകടിപ്പിച്ചു. ഒരു പുരോഗമന സമൂഹത്തിന് ചേർന്നതല്ല ഇത്തരം ചെയ്തികൾ എന്ന് എല്ലാവരും ഒരുപോലെ പറഞ്ഞു. എ.ഐ.എസ്.എഫ് അടക്കമുള്ള ഇടതുപക്ഷ വിദ്യാർഥി സംഘടനകളും പ്രതിപക്ഷ വിദ്യാർഥി സംഘടനകളും അവർ നേരിടുന്ന ഇത്തരം ദുരനുഭവങ്ങൾ തുറന്ന് പറഞ്ഞു രംഗത്ത് വന്നു. തങ്ങൾക്കും കേരളത്തിലെ എല്ലാ ക്യാമ്പസുകളിലും നിർഭയം പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടാവണം എന്നവർ പറഞ്ഞു. ദീർഘനാളത്തെ ഇടവേളക്ക് ശേഷം അനന്തപുരി യുവജന വിദ്യാർഥി സംഘടനകളുടെ പ്രക്ഷോഭങ്ങൾക്ക് വേദിയാകുന്ന കാഴ്ചയും നാം കണ്ടു. എസ്.എഫ്.ഐ സംസ്ഥാന നേതൃത്വം ഈ അക്രമത്തെ അപലപിക്കുകയും കോളേജ് യൂനിറ്റ് കമ്മിറ്റി പിരിച്ചുവിടുകയും പുതിയ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

പ്രതികരണങ്ങളിൽ ഏറ്റവും ശ്രദ്ധേയമായി തോന്നിയത് ഇടതുപക്ഷ ചിന്തകനും സാംസ്കാരിക നായകനുമായ സുനിൽ പി. ഇളയിടത്തിന്റേതായിരുന്നു. കേരളത്തിലെ ഇടതുപക്ഷത്തിന്റെ സംഘടനാ രീതിയെയും നിലപാടുകളെയും പുനർവിചിന്തനത്തിന് വിധേയമാക്കണം എന്ന ശ്രദ്ധേയമായ നിരീക്ഷണമാണ് അദ്ദേഹം നടത്തിയത്. അതിന് അദ്ദേഹം പറഞ്ഞ ഉദാഹരണം ഇടത് മനസ്സിനെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്.

"എസ്.എഫ്.ഐ.യുടെ സംസ്ഥാന അധ്യക്ഷ പദവും എം.പി. സ്ഥാനവും ഒക്കെ കയ്യാളിയ ഒരാൾ ആദ്യം കോൺഗ്രസ് നേതാവും താമസിയാതെ ബി.ജെ.പി. നേതാവുമൊക്കെയായി പരിണമിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായതെങ്ങനെയാണ്? നിശ്ചയമായും അയാൾ ഒരാളല്ല. അറിയപ്പെട്ടവരും അറിയപ്പെടാത്തവരുമായ പലരും അയാളിലുണ്ട്; യൂണിവേഴ്സിറ്റി കോളേജിലെ 'നേതാക്കൾ' ഉൾപ്പെടെ. അയാൾ എങ്ങനെ ബി.ജെ.പി.യിലെത്തി എന്നല്ല,

**സ്വാതന്ത്ര്യവും ജനാധിപത്യവും സോഷ്യലിസവും പുലരാനാണ് നാം പണിയെടുക്കുന്നതെന്ന് ലോകത്തോട് വിളിച്ചു പറഞ്ഞവർക്ക് അത് സ്വന്തം ആധിപത്യമുള്ള ഇടങ്ങളിൽ പോലും നടപ്പാക്കാൻ പറ്റാത്തത് ആ സംഘടനയുടെ തന്നെ അസ്തിത്വത്തെ ചോദ്യം ചെയ്യുന്ന രീതിയിലേക്ക് മാറി. ഇതിന്റെ അപകടം തിരിച്ചറിഞ്ഞ മുതിർന്ന കമ്യൂണിസ്റ്റുകാരും മുൻ എസ്.എഫ്.ഐ ഭാരവാഹികളും തങ്ങളുടെ രോഷം പരസ്യമായി പ്രകടിപ്പിക്കുകയും സമൂഹത്തോട് തെറ്റ് ഏറ്റുപറയുകയും ചെയ്യുന്ന കാഴ്ച കേരള രാഷ്ട്രീയ ചരിത്രത്തിൽ വേറിട്ടുതന്നെ നിൽക്കും.**

അങ്ങനെയൊരാൾ എങ്ങനെ ഇടതുപക്ഷ നേതാവായി എന്നാണ് ഇടതുപക്ഷം അന്വേഷിക്കേണ്ടത്. അപ്പോഴേ ഇടതുപക്ഷ സംഘടനാ രാഷ്ട്രീയം പലയിടത്തും നേരിടുന്ന പ്രതിസന്ധി തിരിച്ചറിയാനും അതിനെ മറികടക്കാനും കഴിയൂ" എന്ന് അദ്ദേഹം തന്റെ ഫേസ്ബുക്ക് പേജിൽ കുറിച്ചു.

ഇടതുപക്ഷ സംഘടനകളുടെ സംഘടനാപരമായ നിലപാടുകളെയും രീതികളെയും നിശിതമായി വിമർശിക്കുന്ന, അവർ മാറ്റത്തിന് തയ്യാറാകണം എന്ന് ശക്തമായി ആവശ്യപ്പെടുന്ന ഒരു ഇടപെടൽ ആണ് ഇദ്ദേഹം നടത്തിയിട്ടുള്ളത്.

ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്. ജനാധിപത്യ മൂല്യങ്ങൾ കാത്തുസൂക്ഷിക്കേണ്ടത് ഈ രാജ്യത്തിന്റെ നിലനിൽപിന് അനിവാര്യമാണ്. കേവലം ഫാസിസ്റ്റ് വിരുദ്ധ നിലപാടുകൾ ഘോരഘോരം പ്രസംഗിക്കുന്നതിനപ്പുറം, ജനാധിപത്യത്തിന്റെ മഹത്ത്വവും അത് നിലനിൽക്കേണ്ടതിന്റെ ആവശ്യകതയെയും നാഴികക്ക് നാൽപത് വട്ടം വിളിച്ചുപറയുന്നതിനപ്പുറം ജനാധിപത്യ സംവിധാങ്ങൾ ഇല്ലായ്മ ചെയ്യുന്ന രീതിയിലേക്ക് ഒരു സമൂഹം എങ്ങനെ മാറുന്നു എന്ന് പഠിക്കാനുള്ള ശ്രമം നടക്കേണ്ടതുണ്ട്. കേവലം തൊലിപ്പുറത്തുള്ള ചികിത്സക്കപ്പുറം കാരണങ്ങൾ കണ്ടെത്തി ശസ്ത്രക്രിയ നടത്തി രോഗത്തെ എന്നെന്നേക്കുമായി വിപാടനം ചെയ്യുവാൻ സാധിച്ചാലേ ഇത്തരം പ്രവണതകൾ അവസാനിക്കുകയുള്ളൂ.

എസ്.എഫ്.ഐ എന്ന വിദ്യാർഥി പ്രസ്ഥാനത്തിലൂടെ വളർന്ന് വളരെക്കാലം ജനപ്രതിനിധിയായി കേരള രാഷ്ട്രീയത്തിൽ നിലകൊണ്ട ഒരു നേതാവിന് ഇരുട്ടി വെളുക്കുമ്പോഴേക്ക് ഫാസിസത്തിന്റെ വക്താവാകാൻ സാധിക്കുന്നത് എങ്ങനെ എന്നതാണ് ഈ വിഷയത്തിൽ നാം ഏറെ ഗൗരവത്തോടെ ചിന്തിക്കേണ്ടത്. തങ്ങൾ വിശ്വസിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ അടിത്തറ കെട്ടിപ്പടുക്കുന്നതിലും അത് പകർന്ന് നൽകുന്നതിലും ഗുരുതരമായ വീഴ്ച സംഭവിക്കുന്നു എന്ന് വേണം കരുതാൻ. തങ്ങൾ നിലകൊള്ളുന്ന ആദർശത്തിൽ നിന്ന് പൊടുന്നനെ ഒരാൾക്ക് മറുകണ്ടം ചാടാൻ സാധിക്കുന്നു എങ്കിൽ ആ പ്രത്യയശാസ്ത്രം അയാളുടെ മനസ്സിനെ സ്വാധീനിച്ചില്ല എന്നാണ് നാം മനസ്സിലാക്കേണ്ടത്.

അഖിലിന് കുത്തേറ്റദിവസം ക്യാമ്പസിലെ വിദ്യാർഥികൾ ഒന്നടങ്കം പറഞ്ഞത് ഞങ്ങൾ ഇവിടെ പീഡനങ്ങളും പ്രയാസങ്ങളും സഹിച്ചു കഴിയുകയാണ്, ഞങ്ങൾക്ക് ഒന്നും പറയാൻ പറ്റാത്തവിധം ക്യാമ്പസ് എസ്.എഫ്.ഐ കയ്യടക്കിയിരുന്നു എന്നാണ്. തങ്ങളുടെ പ്രത്യയ ശാത്രവും ആദർശവും മറ്റുള്ളവരുടെ മേൽ അടിച്ചേൽപിക്കുന്നതും തങ്ങളുടെ അനുവാദമില്ലാതെ ആരും ഒന്നും ചെയ്യരുതെന്ന് തിട്ടൂരമിറക്കുന്നതും ഫാസിസമല്ലേ? മർദനവും ഭീഷണിയും കൊണ്ട് ആദർശത്തെയും പ്രസ്ഥാനത്തെയും വളർത്താമെന്നത് വ്യാമോഹം മാത്രമാണ്. തങ്ങളുടെ ആദർശം പരസ്യമാക്കുകയും ക്രിയാത്മകമായ സംവാദങ്ങളിലൂടെയും ചർച്ചകളിലൂടെയും അതിന് വേരോട്ടമുണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്യലാണ് പരിപക്വവും ഫലപ്രദവുമായ മാർഗം. ഭീഷണിയും പ്രലോഭനവും നടത്തി ലോകത്ത് ഒരാദർശത്തിനും ജനമനസ്സുകളിൽ വേരൂന്നാൻ കഴിയില്ല. താൽക്കാലികമായ ചില വിധേയത്വപ്രകടനങ്ങൾ കാണാമെങ്കിലും ഒരുനാൾ പൊട്ടിത്തെറി ഉറപ്പാണ്. ഇതിന് കാലം സാക്ഷിയാണ്.

ലക്ഷ്യം മാർഗത്തെ ന്യായീകരിക്കുന്നു എന്ന തത്ത്വശാസ്ത്രമാണ് പലപ്പോഴും വിപ്ലവകാരികൾക്ക് ഏത് അനീതിയും അക്രമവും ചെയ്യാൻ പ്രേരണ നൽകുന്നത്. തങ്ങളുടെ ശത്രുവിനെ കുത്തിമലർത്തിതാൻ പ്രതിനിധാനം ചെയ്യുന്ന ആശയത്തിന്റെ വിജയമുറപ്പാക്കാൻ പലരും ശ്രമിക്കുന്നത് ഈ അടിസ്ഥാനത്തിലാണ്. കേരള യൂണിവേഴ്സിറ്റി കോളേജിലും അത് തന്നെയാണ് സംഭവിച്ചതെന്ന് വേണം കരുതാൻ. അക്രമങ്ങളും കൊലപാതകങ്ങളും തങ്ങളുടെ ലക്ഷ്യത്തിലേക്കുള്ള മാർഗമായി പുതുതലമുറ പഠിപ്പിക്കപ്പെടുകയും അവരുടെ ചെയ്തികൾ ന്യായീകരിക്കപ്പെടുകയും ചെയ്യുന്നു. ഫാസിസത്തിനെതിരെ നിരന്തരം പ്രസംഗിച്ചും എഴുതിയും നടക്കുന്നവരിൽനിന്നു തന്നെ ഫാസിസ പ്രവണത പുറത്തുചാടുന്നു എന്നത് വിരോധാഭാസമാണ്.

ജനാധിപത്യത്തെ സക്രിയമാക്കുന്നത് ക്രിയാത്മമായ പ്രതിപക്ഷവും ആശയ സംവാദങ്ങളുമാണ്. തങ്ങളുടെ എതിരാളികൾക്ക് പ്രവർത്തിക്കാനും ആശയ സംവാദം നടത്താനുമുള്ള അവകാശം വകവെച്ച് നൽകാത്തവർക്കെങ്ങനെ ജനാധിപത്യത്തെ കുറിച്ച് സംസാരിക്കാനാവും? സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടാനാകും? ഇല്ല! ശക്തമായ പ്രതിപക്ഷവും ആശയ സംവാദവും നടക്കാത്ത മണ്ണിൽ ഒരിക്കലും ജനാധിപത്യം പുലരില്ല! കേരളത്തിൽ മറ്റു വിദ്യാർഥി സംഘടനകളും തങ്ങൾക്ക് സ്വാധീനമുള്ളിടത്ത് മറ്റുള്ളവർക്ക് പ്രവർത്തിക്കാനും ആശയപ്രചാരണം നടത്താനുമുള്ള സ്വാതന്ത്ര്യം നൽകുന്നില്ല എങ്കിൽ എന്തായിരിക്കും അവസ്ഥ?

### ക്യാമ്പസ് പ്രതീക്ഷകളുടെ വിളനിലമാണ്

ഓരോ ക്യാമ്പസും പ്രതീക്ഷകളുടെ വിളനിലമാണ്. ഒരു വിദ്യാർഥി താൻ ഭാവിയിൽ ആരാകണം എന്ന് തീരുമാനിക്കുന്നതും അതിലേക്ക് അവരെ നയിക്കുന്നതും കോളേജ് ക്യാമ്പസുകളാണ്. സ്വന്തമായി ചിന്തിക്കുവാനും തീരുമാനം എടുക്കുവാനുമുള്ള സമയമായി എന്ന് ചിന്തിക്കുന്ന കാലം. സ്കൂൾ ജീവിതത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായ അന്തരീക്ഷമുള്ള, കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുന്ന ഇടമാണ് കോളേജ് ക്യാമ്പസ്. ഇവിടേക്ക് ആദ്യമായി കടന്നുവരുന്ന വിദ്യാർഥികൾ പകച്ചുപോകും. തങ്ങൾ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവരും വേറെ ചിലർ അമിതമായ സ്വാതന്ത്ര്യം അനുഭവിക്കുന്നവരുമാണെന്ന് അവർ തിരിച്ചറിയും. സീനിയേഴ്സിന്റെ റാഗിംഗിന് പലർക്കും വിധേയരാകേണ്ടിവരും. വിവിധ സ്ഥാപിത താൽപര്യക്കാരുടെ നീരാളിക്കൈകൾ അവരിലേക്ക് നീളും. വീടിന്റെയും നാടിന്റെയും കുടുംബത്തിന്റെയും പ്രതീക്ഷയായ വിദ്യാർഥികളെ അവരുടെ ലക്ഷ്യത്തിൽ നിന്ന് വഴിതിരിച്ചു വിട്ട് നശിപ്പിച്ച് തങ്ങൾക്ക് നേട്ടമുണ്ടാക്കും. ഈ അവസ്ഥക്ക് മാറ്റമുണ്ടായേ തീരൂ.

വിദ്യാർഥികളും സമൂഹത്തിന്റെ ഭാഗമാണ്. ഭദ്രമായ സാമൂഹ്യ സൃഷ്ടിയിലും രാഷ്ട്ര പുനർനിർമാണ പ്രക്രിയയിലും അവരുടെ ക്രിയാത്മകമായ ഇടപെടൽ അനിവാര്യമാണ്. അതിനുതകുന്ന പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കാനാണ് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടത്. വിദ്യാർഥി സംഘടനകൾ അങ്ങനെയുള്ള ഒരു തലമുറയെ വാർത്തെടുക്കുവാനാണ് തങ്ങളുടെ ശേഷി ഉപയോഗിക്കേണ്ടത്. പഠിപ്പ് മുടക്കലും മുഷ്ടിചുരുട്ടി മുദ്രാവാക്യം വിളിക്കലും മാത്രമാണ് സംഘടനാ പ്രവർത്തനം എന്നാരും ധരിക്കരുത്. ഒരു വിദ്യാർഥിയുടെ സാംസ്കാരിക, വിദ്യാഭ്യാസ, സാമൂഹ്യ വളർച്ചക്ക് ഉതകുന്ന നയപരിപാടികളാണ് ക്യാമ്പസിൽ നടപ്പിലാക്കേണ്ടത്. സമൂഹത്തിന് ഉപകാരപ്പെടുന്ന, സാമൂഹ്യ പ്രതിബദ്ധതയുള്ളവരായി പുതുതലമുറ വളർന്നുവരണം.

### അധ്യാപകർ ദിശാബോധം നൽകുന്നവരാകണം

കേരള യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടന്ന അക്രമങ്ങളിലും ക്രമക്കേടുകളിലും അധ്യാപകർക്കും പങ്കുണ്ടെന്നാണ് പുറത്തുവരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. പരീക്ഷാ പേപ്പറുകളും സീലുകളും ക്യാമ്പസിനു പുറത്തുനിന്നും കണ്ടെടുത്തത് നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിന്റെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യുന്നതാണ്. 'ടീച്ചർ ഈസ് എ സോഷ്യൽ എഞ്ചിനീയർ' എന്ന് പറയാറുണ്ട്. ഒരു സമൂഹ സൃഷ്ടിയിൽ അധ്യാപകർക്ക് വലിയ പങ്കുണ്ട്. ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിനപ്പുറം അവരുടെ സാമൂഹ്യ സാംസ്കാരിക വളർച്ചയിലും അധ്യാപകർക്ക് ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ സാധിക്കും. ഒരാൾ പഠിച്ചു വളർന്ന് രാജ്യത്തിന്റെ ഭരണാധികാരിയായാലും അയാൾ തന്നെ സ്വാധീനിച്ച അധ്യാപകന്റെ മുന്നിൽ ആദരവോടെയും നന്ദിനിറഞ്ഞ മനസ്സോടെയും നിൽക്കാൻ മടിക്കില്ല. അത് ഒരു പക്ഷേ, അധ്യാപകർക്ക് മാത്രം ലഭിക്കുന്ന അംഗീകാരമാണ്. അത് നേടിയെടുക്കാൻ കഴിയുക എന്നത് അൽപം പ്രയാസകരമാണ്. അതിന് അധ്യാപകർ ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ഓരോ വിദ്യാർഥിയുമായും ആത്മാർഥമായ വ്യക്തിബന്ധം കാത്ത് സൂക്ഷിക്കുകയും അവരുടെ വ്യക്തിത്വ വികാസത്തിലും പഠനത്തിലും സ്വാധീനം ചെലുത്താൻ കഴിയുക എന്നത് പ്രധാനമാണ്. ഇതിൽ കുറ്റകരമായ അനാസ്ഥയും വീഴ്ചയും വരുമ്പോഴാണ് തങ്ങളുടെ വിദ്യാർഥികൾ വഴി തെറ്റുകയും അക്രമങ്ങളിലേക്കും അധാർമികതകളിലേക്കും വഴുതി വീഴുകയും ചെയ്യുന്നത്.

ഈ വിവാദങ്ങളിൽ നമ്മെ അത്ഭുതപ്പെടുത്തിയത് അക്രമത്തിലെ പ്രതികൾ പി.എസ്.സി പരീക്ഷയിൽ മികച്ച റാങ്ക് നേടിയിട്ടുണ്ട് എന്നുള്ളതാണ്. വ്യാജ രേഖകൾ ചമച്ചും മറ്റുമാണ് ഇത് സാധിച്ചെടുത്തത് എന്നാണ് മാധ്യമങ്ങൾ നൽകുന്ന വിവരം. വർഷങ്ങൾ നീണ്ട പരിശ്രമത്തിന്റെ ഫലമായാണ് പി.എസ്.സി മുഖേന സർക്കാർ ജോലി ലഭിക്കുന്നത്. അത് കുറുക്കുവഴികളിലൂടെ നേടിയെടുക്കുന്നത് മറ്റുള്ള ഉദ്യോഗാർഥികളോട് കാണിക്കുന്ന അനീതിയും അക്രമവുമാണ്. പി.എസ്.സിയുടെ വിശ്വാസ്യത കൂടിയാണ് ഇതിലൂടെ തകർക്കപ്പെടുന്നത്.

ക്യാമ്പസുകളെ അക്രമികളെ വളർത്തിയെടുക്കാനുള്ള മണ്ണാക്കി മാറ്റരുത്. എല്ലാ രാഷ്ട്രീയ പാർട്ടികളും തങ്ങളുടെ വിദ്യാർഥി വിഭാഗത്തെ പഠിപ്പിക്കേണ്ടത് പഠിക്കേണ്ട കാലത്ത് നന്നായി പഠിക്കുവാനാണ്. സ്വസ്ഥമായും സ്വൈര്യമായും പഠിക്കാനും തങ്ങളുടെ കഴിവുകളെ വളർത്തിയെടുക്കാനുമുള്ള സാഹചര്യം ക്യാമ്പസുകളിൽ ഉണ്ടാവണം. അതിനായി എല്ലാവരും മനസ്സുവെക്കേണ്ടതുണ്ട്. ഇനിയൊരു വിദ്യാർഥിയുടെയും ചോര ക്യാമ്പസിൽ വീഴരുത്. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

മുഹമ്മദ് നബി ﷺ: 32

# യുദ്ധം അരികെ



**ക്വു**റൈശികൾ അവരുടെ കച്ചവട സംഘത്തെ സംരക്ഷിക്കുവാൻ വേണ്ടി പുറപ്പെട്ടിരിക്കുന്നു എന്ന വാർത്ത നബി ﷺക്ക് ലഭിച്ചു. ഈ സന്ദർഭത്തിൽ ബദ്‌റിലേക്കുള്ള വഴിയിൽ ദഫ്‌റാൻ എന്ന താഴ്‌വരയിൽ ആയിരുന്നു നബി ﷺ. സ്വഫ്‌റാഅ് താഴ്‌വരയുടെ സമീപത്തായിരുന്നു അത്. നബി ﷺ തന്റെ സ്വഹാബികളെ ഒരുമിച്ചുകൂട്ടുകയും ക്വുറൈശികൾ മക്കയിൽ നിന്ന് പുറപ്പെട്ട വിവരം അവരെ അറിയിക്കുകയും ചെയ്തു. എന്തു ചെയ്യണമെന്ന കാര്യത്തിൽ അവരുമായി കൂടിയാലോചന നടത്തി. ചില സ്വഹാബിമാർ യുദ്ധത്തെ ഇഷ്ടപ്പെട്ടില്ല. കാരണം, യുദ്ധത്തിനു വേണ്ടി ഒരുങ്ങിവന്നതായിരുന്നില്ല അവർ. കച്ചവട സംഘം മാത്രമായിരുന്നു അവരുടെ ലക്ഷ്യം. അവരെ തൃപ്തിപ്പെടുത്തുവാൻ നബി ﷺ അവരുമായി അൽപ സമയം സംസാരിക്കുക തന്നെ ചെയ്തു. അവരെ സംബന്ധിച്ചാണ് ക്വുർആനിലെ ഈ സൂക്തം അവതരിച്ചത്:

**ബദറിന് മുന്നോടിയായി നബിക്കും സ്വഹാബിമാർക്കും ശക്തമായ ദാഹവും ക്ഷീണവും അനുഭവപ്പെട്ടു. ഈ സന്ദർഭത്തിൽ അല്ലാഹു ലഘുവായ ഒരു മഴ ഇറക്കി. ഈ വെള്ളം കൊണ്ട് മുസ്‌ലിംകൾ ശുദ്ധീകരണം വരുത്തുകയും കുടിക്കുകയും അവർ ഉന്മേഷവാന്മാരാവുകയും ചെയ്തു. പൈശാചിക മാലിന്യങ്ങളെ അല്ലാഹു അവരിൽ നിന്ന് നീക്കിക്കളയുകയും ചെയ്തു. മഴ പെയ്തതിന്റെ ഫലമായി അവരുടെ കാലുകളെ മണ്ണിൽ ഉറപ്പിച്ചു നിർത്തുവാൻ അവർക്ക് സാധിച്ചു. മുശ്‌രിക്കുകളുടെ ഭാഗത്ത് ശക്തമായ മഴ പെയ്തു. അവരെ സംബന്ധിച്ചിടത്തോളം ആ മഴ അവർക്ക് വലിയ പരീക്ഷണവും ദുഷ്കരവും ആയിരുന്നു.**

"വിശ്വാസികളിൽ ഒരു വിഭാഗം ഇഷ്ടമില്ലാത്തവരായിരിക്കെത്തന്നെ നിന്റെ വീട്ടിൽ നിന്ന് ന്യായമായ കാര്യത്തിന് നിന്റെ രക്ഷിതാവ് നിന്നെ പുറത്തിറക്കിയത് പോലെത്തന്നെയാണിത്. ന്യായമായ കാര്യത്തിൽ, അതു വ്യക്തമായതിനു ശേഷം അവർ നിന്നോട് തർക്കിക്കുകയായിരുന്നു. അവർ നോക്കിക്കൊണ്ടിരിക്കെ മരണത്തിലേക്ക് അവർ നയിക്കപ്പെടുന്നത് പോലെ" (അൽഅൻഫാൽ: 5,6).

മുഹാജിറുകളുടെ സൈനിക മേധാവിയോട് നബി ﷺ സംസാരിച്ചു. ശത്രുക്കളുമായി ഏറ്റുമുട്ടേണ്ടതിനായി മുന്നോട്ടുനീങ്ങണം എന്ന അഭിപ്രായത്തെ അവർ ശക്തിപ്പെടുത്തുകയും ചെയ്തു. അബൂബക്ർ رضي الله عنه, ഉമർ رضي الله عنه എന്നിവർ എഴുന്നേറ്റുനിന്ന് സംസാരിച്ചു. നല്ല അഭിപ്രായങ്ങളാണ് അവർ പറഞ്ഞത്. നബി ﷺ വീണ്ടും പറഞ്ഞുകൊണ്ടിരുന്നു: 'അല്ലയോ ജനങ്ങളേ, അഭിപ്രായങ്ങൾ പറയൂ.' ഈ സന്ദർഭത്തിൽ മിക്ദാദുബ്നു അംറ് رضي الله عنه എഴുന്നേറ്റ് നിന്നുകൊണ്ട് പറഞ്ഞു: "അല്ലാഹുവിന്റെ പ്രവാചകരേ, ബനൂ ഇസ്‌റാഈല്യർ മൂസാനബിയോട് പറഞ്ഞതു പോലെ ഞങ്ങൾ നിങ്ങളോട് പറയുകയില്ല. അതായത് 'നീയും നിന്റെ റബ്ബും ചെന്ന് യുദ്ധം ചെയ്യുക. ഞങ്ങൾ ഇവിടെ ഇരിക്കാം' എന്ന്. മറിച്ച് ഞങ്ങൾക്ക് പറയാനുള്ളത് നിങ്ങൾ മുന്നോട്ട് നീങ്ങൂ; ഞങ്ങളും നിങ്ങളുടെ കൂടെയുണ്ട് എന്നാണ്." നബി ﷺയെ ഈ വാക്കുകൾ ഏറെ സന്തോഷിപ്പിച്ചു (ബുഖാരി: 4609).

താങ്കളുടെ വലതുഭാഗത്തു നിന്നും ഇടതുഭാഗത്തു നിന്നും മുന്നിലൂടെയും പിന്നിലൂടെയും ഞങ്ങൾ താങ്കളോടൊപ്പം യുദ്ധത്തിന് തയ്യാറാണ് എന്നും മിക്ദാദ് رضي الله عنه പറഞ്ഞതായി മറ്റൊരു റിപ്പോർട്ടിൽ കാണുവാൻ സാധിക്കും. (ബുഖാരി: 3952).

ശേഷം അൻസ്വാറുകൾക്ക് നേരെ തിരിഞ്ഞുകൊണ്ട് നബി ﷺ പറഞ്ഞു: "ജനങ്ങളേ, നിങ്ങളുടെ അഭിപ്രായം പറയൂ." ഈ സന്ദർഭത്തിൽ സഅ്ദ് ഇബ്നുമുആദ് رضي الله عنه പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, നിങ്ങൾ ഞങ്ങളെ ഉദ്ദേശിച്ചത് പോലെയുണ്ടല്ലോ?" നബി ﷺ പറഞ്ഞു: "അതെ." അപ്പോൾ സഅ്ദ് رضي الله عنه പറഞ്ഞു: "ഞങ്ങൾ താങ്കളിൽ വിശ്വസിച്ചു. താങ്കളെ സത്യപ്പെടുത്തി. താങ്കൾ കൊണ്ടുവന്നത് സത്യമാണെന്ന് ഞങ്ങൾ അംഗീകരിച്ചു. ഞങ്ങൾ താങ്കൾ പറയുന്നത് കേൾക്കാമെന്നും അനുസരിക്കാമെന്നും കരാർ നൽകിയിട്ടുണ്ട്. അതുകൊണ്ട് എന്തൊന്നാണോ താങ്കൾ ഉദ്ദേശിക്കുന്നത് അതിലേക്ക് നീങ്ങിക്കൊള്ളുക. ഞങ്ങൾ താങ്കളോടൊപ്പം ഉണ്ട്. അക്കാണുന്ന കടൽ ചൂണ്ടിക്കാണിച്ചു കൊണ്ട് ഞങ്ങളോട് അതിലേക്ക് ഇറങ്ങാൻ പറഞ്ഞാൽ അങ്ങയോടൊപ്പം ഞങ്ങളും ഇറങ്ങും. ഞങ്ങളിൽ ഒരാൾ പോലും പിന്തിരിയില്ല. നാളെ ശത്രുക്കളെ കണ്ടുമുട്ടുന്നതിൽ ഞങ്ങളിൽ ഒരാളും അനിഷ്ടക്കാരല്ല. ഞങ്ങൾ യുദ്ധത്തിൽ ക്ഷമാലുക്കളാണ്. ഏറ്റുമുട്ടുന്നതിൽ ആത്മാർഥതയുള്ളവരാണ്. അങ്ങയുടെ കണ്ണുകൾക്ക് കുളിർമ നൽകുന്ന കാര്യങ്ങൾ അല്ലാഹു ഞങ്ങളിലൂടെ താങ്കൾക്ക് കാണിച്ചു തന്നേക്കാം. അതുകൊണ്ട് അല്ലാഹുവിന്റെ ബറകത്തിനാൽ താങ്കൾ ഞങ്ങളെയുംകൊണ്ട് മുന്നോട്ട് നീങ്ങിക്കൊള്ളുക."

സഅ്ദി رضي الله عنهന്റെ വാക്കും നബി ﷺയെ ഏറെ സന്തോഷിപ്പിച്ചു. നബി ﷺ സ്വഹാബികളോട് പറഞ്ഞു: "അല്ലാഹുവിന്റെ നാമത്തിൽ എല്ലാവരും നീങ്ങിക്കൊള്ളുക. നിങ്ങൾ സന്തോഷിച്ചുകൊള്ളുക. നിശ്ചയമായും അല്ലാഹു തആലാ രണ്ടു സംഘത്തിൽ ഒന്നിനെ (അബൂസുഫിയാനിന്റെ നേതൃത്വത്തിലുള്ള കച്ചവടസംഘം. അതല്ലെങ്കിൽ അബൂജഹലിന്റെ നേതൃത്വത്തിൽ വന്ന ക്വുറൈശി സംഘം) എനിക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. അല്ലാഹുവാണ് സത്യം! മുശ്‌രികുകൾ മരിച്ചുവീഴുന്ന സ്ഥലങ്ങൾ പോലും ഇപ്പോൾ എന്റെ കണ്ണുകൾകൊണ്ട് ഞാൻ കാണുന്നത് പോലെയുണ്ട്." ശേഷം ഓരോ മുശ്‌രികും മരിച്ചുവീഴുന്ന സ്ഥലം നബി ﷺ സ്വഹാബിമാർക്ക് അറിയിച്ചുകൊടുത്തു. 'ഇൻശാ അല്ലാഹ്, നാളെ ഇന്ന വ്യക്തി ഇവിടെയാണ് മരിച്ചുവീഴുക' എന്നു പറഞ്ഞുകൊണ്ടാണ് ബദ്ർ യു

ദ്ധത്തിന്റെ തലേദിവസം തന്റെ സഹാബിമാർക്ക് നബിﷺ ആ സ്ഥലങ്ങൾ കാണിച്ചു കൊടുത്തത് എന്ന് അനസുബ്നു മാലിക്ؓ റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ കാണുവാൻ സാധിക്കും. (മുസ്‌ലിം: 2873).

നബിയും സ്വഹാബിമാരും ദഫ്‌റാൻ താഴ്‌വരയിൽ നിന്നും കൂടിയാലോചനയ്ക്ക് ശേഷം യാത്ര പുറപ്പെട്ടു. ബദ്റിൽ നിന്നും (മദീനയോട്) അടുത്ത താഴ്‌വരയിൽ (ഉദ്‌വതുദ്ദുൻയ) അവർ എത്തി. ക്വുറൈശികളാകട്ടെ അകന്ന താഴ്‌വരയിലാണ് (ഉദ്‌വതുൽ ക്വുസ്വ).

"നിങ്ങൾ (താഴ്‌വരയിൽ മദീനയോട്) അടുത്ത ഭാഗത്തും അവർ അകന്നഭാഗത്തും സാർഥവാഹകസംഘം നിങ്ങളെക്കാൾ താഴെയുമായിരുന്ന സന്ദർഭം (ഓർക്കുക)" (അൽഅൻഫാൽ: 42).

വ്യാഴാഴ്ച ദിവസം വൈകുന്നേരം നബിﷺ അലിയ്യുബ്നു അബീത്വാലിബ്ؓ, സുബൈറുബ്നുൽ അവ്വാംؓ, സഅ്ദ് ബ്നു അബീവക്വാസ്ؓ തുടങ്ങിയവരെ മറ്റു ചില സ്വഹാബികളോടൊപ്പം ബദ്റിനു സമീപത്തുള്ള വെള്ളത്തിലേക്ക് പറഞ്ഞയച്ചു. ക്വുറൈശികളെ കുറിച്ചുള്ള വിവരങ്ങൾ അന്വേഷിച്ച് അറിയാൻ വേണ്ടിയായിരുന്നു ഇത്. ക്വുറൈശികൾക്ക് വേണ്ടി വെള്ളമെടുക്കാൻ വന്ന ബനൂ ഹജ്ജാജ് ഗോത്രത്തിലെ ഒരു കറുത്ത വേലക്കാരനെ അവർ കണ്ടു. അവർ അയാളെ പിടികൂടി. എന്നിട്ട് അബൂസുഫ്‌യാനെക്കുറിച്ചും അബൂസുഫ്‌യാന്റെ ആളുകളെക്കുറിച്ചും ചോദിക്കുവാൻ തുടങ്ങി. അബൂസുഫ്‌യാനെക്കുറിച്ച് എനിക്ക് ഒരു അറിവും ഇല്ല എന്നായിരുന്നു അയാളുടെ മറുപടി. എന്നാൽ ഇവിടെ അബൂജഹലും ഉത്ബയും ശൈബയും ഉമയ്യതുബ്നു ഖലഫും ഉണ്ട് എന്ന് അയാൾ പറയുകയും ചെയ്തു. അപ്പോൾ അവർ അയാളെ അടിച്ചു. അടികൊണ്ടപ്പോൾ ഞാൻ അബൂസുഫ്‌യാനെക്കുറിച്ച് നിങ്ങൾക്ക് പറഞ്ഞു തരാം എന്നു പറഞ്ഞു. അപ്പോൾ അവർ അയാളെ വിട്ടു. വീണ്ടും അവർ അബൂസുഫ്‌യാനെക്കുറിച്ച് ചോദിച്ചപ്പോൾ അബൂസുഫ്‌യാനെക്കുറിച്ച് എനിക്ക് ഒരു അറിവും ഇല്ല എന്ന് മറുപടി പറഞ്ഞു. എന്നാൽ ഇവിടെ അബൂജഹലും ഉതുബയും ശൈബയും... ഉണ്ട് എന്നും അയാൾ മറുപടി നൽകി. അപ്പോൾ അവർ വീണ്ടും അയാളെ അടിക്കാൻ തുടങ്ങി. ഈ സന്ദർഭത്തിൽ നബിﷺ അപ്പുറത്തു നിന്ന് നമസ്കരിക്കുകയായിരുന്നു. അവിടെ നിന്നും തിരിഞ്ഞു വന്നുകൊണ്ട് നബിﷺ പറഞ്ഞു: 'അല്ലാഹുവാണ് സത്യം! ഇദ്ദേഹം നിങ്ങളോട് സത്യം പറയുമ്പോൾ നിങ്ങൾ അയാളെ അടിക്കുകയും കളവ് പറയുമ്പോൾ നിങ്ങൾ അയാളെ ഒഴിവാക്കുകയും ചെയ്യുന്നു' (മുസ്‌ലിം: 1779).

വെള്ളത്തിൽ നിന്നും അൽപം അകലെയായിക്കൊണ്ടാണ് നബിയും സ്വഹാബികളും ഇറങ്ങിയിരുന്നത്. അവർക്ക് ശക്തമായ ദാഹവും ക്ഷീണവും അനുഭവപ്പെട്ടു. ഈ സന്ദർഭത്തിൽ അല്ലാഹു ലഘുവായ ഒരു മഴ ഇറക്കി. ഈ വെള്ളം കൊണ്ട് മുസ്‌ലിംകൾ ശുദ്ധീകരണം വരുത്തുകയും കുടിക്കുകയും അവർ ഉന്മേഷവാന്മാരാവുകയും ചെയ്തു. പൈശാചിക മാലിന്യങ്ങളെ അല്ലാഹു അവരിൽ നിന്ന് നീക്കിക്കളയുകയും ചെയ്തു. മഴ പെയ്തതിന്റെ ഫലമായി അവരുടെ കാലുകളെ മണ്ണിൽ ഉറപ്പിച്ചു നിർത്തുവാൻ അവർക്ക് സാധിച്ചു. മുശ്‌രിക്കുകളുടെ ഭാഗത്ത് ശക്തമായ മഴ പെയ്തു. അവരെ സംബന്ധിച്ചിടത്തോളം ആ മഴ അവർക്ക് വലിയ പരീക്ഷണവും ദുഷ്കരവും ആയിരുന്നു. അവർ പൊടിയുള്ള ഭാഗത്തായിരുന്നു. അതു കൊണ്ട്, മുന്നോട്ടു നടക്കാൻ പോലും അവർക്ക് കഴിയാതെയായി.

ശേഷം നബിﷺ തന്റെ സൈന്യത്തെയും കൊണ്ട് ബദ്റിലെ വെള്ളത്തിന്റെ സമീപത്തേക്ക് നീങ്ങി. ബദ്റിലെ കിണറുകളിൽ ഏറ്റവും നല്ല കിണറിന് സമീപത്തേക്ക് നബിﷺ എത്തി. മുശ്‌രിക്കുകളെ മുൻകടന്നു കൊണ്ടാണ് നബിﷺ അവിടേക്ക് എത്തിയത്. വെള്ളത്തിനു സമീപം മുസ്‌ലിംകൾ താമസമുറപ്പിച്ചു. അപ്പോൾ സഅദ്ബ്നു മുആദ്ؓ നബിﷺയോട് പറഞ്ഞു: "അല്ലാഹുവിന്റെ പ്രവാചകരേ, ഞങ്ങൾ നിങ്ങൾക്ക് ഒരു ചെറിയ കുടിൽ ഉണ്ടാക്കിത്തരട്ടെ? താങ്കൾക്ക് അതിൽ താമസിക്കാം. അതിൽ വെച്ചു കൊണ്ട് താങ്കൾക്ക് സൈന്യത്തെ ഒരുക്കുകയും ചെയ്യാം. അങ്ങനെ ഞങ്ങൾ ശത്രുക്കളുമായി ഏറ്റുമുട്ടും. അല്ലാഹു ഞങ്ങൾക്ക് ശത്രുക്കളുടെമേൽ വിജയവും പ്രതാപവും നൽകിയാൽ അതാണ് ഞങ്ങൾ ഇഷ്ടപ്പെടുന്നത്. മറിച്ചാണ് അവസ്ഥയെങ്കിൽ ഞങ്ങളുടെ പിറകിലുള്ള ആളുകളുമായി താങ്കൾക്ക് കൂടിച്ചേരുവാൻ സാധിക്കും. ചില ആളുകൾ നമ്മുടെ കൂടെ വരാതെ പിന്തിരിഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ പ്രവാചകരേ, അവർ ഞങ്ങളെക്കാൾ നിങ്ങളോട് സ്നേഹം കുറവുള്ളവരായതു കൊണ്ടല്ല. മറിച്ച് അങ്ങ് യുദ്ധത്തിനാണ് വരുന്നത് എന്ന് അവർക്ക് അറിയുമായിരുന്നില്ല. അത് അറിഞ്ഞിരുന്നുവെങ്കിൽ അവർ ഒരിക്കലും പിന്തി നിൽക്കുകയില്ലായിരുന്നു. അല്ലാഹു അവരെക്കൊണ്ട് താങ്കളെ സംരക്ഷിക്കുമായിരുന്നു. അവർ അങ്ങയോട് ഗുണകാംക്ഷയുള്ളവ

രാണ്. അങ്ങയോടൊപ്പം ജിഹാദ് ചെയ്യുവാൻ തയ്യാറുള്ളവരുമാണ്.”

ഇതു കേട്ടപ്പോൾ നബിﷺ സഅ്ദിؓനെ പുകഴ്ത്തിപ്പറയുകയും അദ്ദേഹത്തിന്റെ നന്മക്കായി പ്രാർഥിക്കുകയും ചെയ്തു.

നബിﷺ തന്റെ സൈന്യത്തെ വരിവരിയായി നിർത്തി. ഏറ്റവും നല്ല ഒരുക്കം തന്നെ അവരിൽ നടത്തി. വെള്ളിയാഴ്ചയുടെ തലേരാത്രി ആയിരുന്നു അത്. സൈന്യത്തെയും കൊണ്ട് യുദ്ധം നടക്കാനിരിക്കുന്ന സ്ഥലത്തിലൂടെ നബിﷺ നടന്നു. എന്നിട്ട് ചില സ്ഥലങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് പറഞ്ഞു: ‘ഇൻശാ അല്ലാഹ്, ഇവിടെയാണ് നാളെ ഇന്ന വ്യക്തി മരിച്ചു വീഴുക. ഇവിടെയാണ് നാളെ ഇന്ന വ്യക്തി മരിച്ചു വീഴുക.’ അനസ്ؓ പറയുന്നു: ‘നബിﷺ കാണിച്ച സ്ഥാനത്തു നിന്നും അൽപം പോലും അവർ മരിച്ചു വീണപ്പോൾ തെറ്റിയിട്ടുണ്ടായിരുന്നില്ല’ (മുസ്‌ലിം: 1779).

ബദ്റിന്റെ തലേരാത്രിയിൽ മുസ്‌ലിംകൾക്ക് ഉറക്കം ബാധിച്ചു. അല്ലാഹു അവർക്ക് നൽകിയ അനുഗ്രഹമായിരുന്നു അത്. അവർ എല്ലാവരും ഉറങ്ങി. അങ്ങിനെ അവരുടെ ഹൃദയങ്ങൾക്ക് സമാധാനം ലഭിച്ചു. ഉറക്കത്തിലൂടെ വലിയ ആശ്വാസം അവർ നേടുകയും ചെയ്തു. അല്ലാഹു പറയുന്നു:

“അല്ലാഹു തന്റെ പക്കൽ നിന്നുള്ള മനഃശാന്തിയുമായി നിങ്ങളെ നിദ്രാമയക്കം കൊണ്ട് ആവരണം ചെയ്തിരുന്ന സന്ദർഭം (ഓർക്കുക). നിങ്ങളെ ശുദ്ധീകരിക്കുന്നതിനും നിങ്ങളിൽ നിന്ന് പിശാചിന്റെ ദുർബോധനം നീക്കികളയുന്നതിനും നിങ്ങളുടെ മനസ്സുകൾക്ക് കെട്ടുറപ്പ് നൽകുന്നതിനും പാദങ്ങൾ ഉറപ്പിച്ചു നിർത്തുന്നതിനും വേണ്ടി അവൻ നിങ്ങളുടെ മേൽ ആകാശത്തു നിന്ന് വെള്ളം ചൊരിഞ്ഞുതന്നിരുന്ന സന്ദർഭവും (ഓർക്കുക)” (അൽഅൻഫാൽ: 11).

എന്നാൽ ഈ രാത്രിയിൽ നബിﷺ ഒരു മരത്തിന് ചുവട്ടിൽ നിന്നുകൊണ്ട് നമസ്കരിക്കുകയായിരുന്നു. അല്ലാഹുവോട് കേണപേക്ഷിച്ചുകൊണ്ട് കരഞ്ഞു പ്രാർഥിക്കുകയായിരുന്നു. ‘യാ ഹയ്യു യാ ക്വയ്യൂം’ എന്ന് നേരം പുലരുവോളം നബിﷺ സുജൂദിൽ ആവർത്തിച്ച് പറഞ്ഞുകൊണ്ടേയിരുന്നു. അന്ന് നബിﷺ പ്രാർഥിച്ച പ്രാർഥന ഹദീഥുകളിൽ നമുക്ക് ഇപ്രകാരം കാണുവാൻ സാധിക്കും:

“അല്ലാഹുവേ, നീ എനിക്ക് നൽകിയ വാഗ്ദാനം നിറവേറ്റിത്തരേണമേ. അല്ലാഹുവേ, വാഗ്ദാനം ചെയ്തത് എനിക്ക് നൽകേണമേ. അല്ലാഹുവേ, ഇസ്‌ലാമിന്റെ ഈ സംഘത്തെ നീ നശിപ്പിച്ചാൽ പിന്നെ ഭൂമിയിൽ നീ ആരാധിക്കപ്പെടുകയില്ല.”

നബിﷺ ഇത് പറഞ്ഞുകൊണ്ടിരുന്നു. അവിടുന്ന് തന്റെ കൈകൾ ക്വിബ്‌ലക്കു നേരെ നീട്ടിയിരുന്നു. നബിﷺയുടെ ചുമലിൽ ഉണ്ടായിരുന്ന മുണ്ട് താഴെ വീണു. അപ്പോൾ അബൂബക്ർؓ അവിടെ കടന്നുവരികയും മുണ്ടെടുത്ത് കൊണ്ട് നബിയുടെ ചുമലിൽ ഇട്ടു കൊടുക്കുകയും ചെയ്തു. എന്നിട്ട് നബിയെ പിന്നിലൂടെ തന്നിലേക്ക് അണച്ചുപിടിച്ചു. ശേഷം ഇപ്രകാരം പറഞ്ഞു: “അല്ലാഹുവിന്റെ പ്രവാചകരേ, അല്ലാഹുവിനോടുള്ള താങ്കളുടെ ഈ അപേക്ഷ മതി. താങ്കൾക്ക് അല്ലാഹു വാഗ്ദാനം ചെയ്തത് പൂർത്തിയാക്കിത്തരിക തന്നെ ചെയ്യും.” ഈ സന്ദർഭത്തിൽ അല്ലാഹു ഇപ്രകാരം അവതരിപ്പിച്ചു:

‘നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്കു മറുപടി നൽകി’ (അൽഅൻഫാൽ: 9). അങ്ങനെ അല്ലാഹു മലക്കുകളെ കൊണ്ട് നബിﷺയെ സഹായിച്ചു. (മുസ്‌ലിം: 1763).

നേരം പുലർന്നു. വെള്ളിയാഴ്ച ദിവസം. റമദാൻ 17. ഹിജ്റ രണ്ടാം വർഷം. നബിﷺ ഇപ്രകാരം വിളിച്ചു പറഞ്ഞു: ‘അസ്സ്വലാതു ജാമിഅഃ.’ ജനങ്ങൾ അവിടെ വന്നു. അവരെക്കൊണ്ട് സ്വുബ്ഹി നമസ്കരിച്ചു. യുദ്ധത്തിനു വേണ്ടി പ്രേരിപ്പിച്ചുകൊണ്ട് അവരോട് സംസാരിച്ചു. എന്നിട്ട് പറഞ്ഞു: ‘ക്വുറൈശികൾ ഈ മലയുടെ അടിഭാഗത്ത് ഉണ്ട്’ (അഹ്മദ്: 948).

നബിﷺ തന്റെ സൈന്യത്തെ അണിയായി നിർത്തി. ക്വുറൈശികൾ താഴ്വരയിലേക്ക് ഇറങ്ങി വരുന്നതിനു മുമ്പായിരുന്നു ഇത്. സൈന്യത്തെ വളരെ ചിട്ടയോടെ നിർത്തി. എന്നിട്ട് പറഞ്ഞു: ‘എന്റെ അനുവാദം ലഭിക്കുന്നതുവരെ ആരും യുദ്ധം തുടങ്ങരുത്.’ ഇമാം മുസ്‌ലിമിന്റെ ഹദീഥിൽ (1901) ഈ കാര്യങ്ങൾ വിശദീകരിക്കുന്നത് കാണുവാൻ സാധിക്കും.


നബിﷺ അവർക്ക് യുദ്ധത്തിന്റെ രൂപത്തെക്കുറിച്ച് നിർദേശങ്ങൾ നൽകി. ക്വുറൈശികളുടെ അടുത്ത് എത്തിയാലല്ലാതെ അമ്പെയ്ത്ത് നടത്തരുത് എന്നും അവരോട് സൂചിപ്പിച്ചു. (ബുഖാരി: 3984). അമ്പുകൾ സ്ഥാനത്ത് കൊള്ളാതെ നഷ്ടപ്പെട്ടു പോകാതിരിക്കാനായിരുന്നു ഈ നിർദേശം. ●

ലേഖനം

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും 20

തിരൂർ സി. സെയ്ദാലിക്കുട്ടി മാസ്റ്റർ (1856-1919), ഭാഗം: 1



# തമസ്സു മാറ്റാൻ തപിച്ച സെയ്ദാലിക്കുട്ടി മാസ്റ്റർ

**1871**ലാണ് ബ്രിട്ടീഷ് സർക്കാർ ഭാഗികമായി മുസ്‌ലിം വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധപതിപ്പിച്ചു തുടങ്ങിയത്. 1883 മാർച്ച് 20ന് സ്റ്റാറ്റിസ്റ്റിക്കൽ സൊസൈറ്റി മുമ്പാകെ വായിച്ചുകേൾപിച്ച് 1883ൽ തന്നെ ലണ്ടനിലെ എഡ്വേർഡ് സ്റ്റാൻഫോർഡ് പ്രസിദ്ധീകരിച്ച ബ്രിട്ടീഷ് 'ഗവൺമെന്റിന്റെ വിദ്യാഭ്യാസ റിപ്പോർട്ടിൽ വിവരിച്ച വിദ്യാഭ്യാസ രംഗത്തെ മുസ്‌ലിംകളുടെ ശോചനീയാവസ്ഥ'(1) പരിഹരിക്കുന്നതിന് ഭരണകൂടം മുൻകൈ എടുക്കാത്ത സാഹചര്യത്തിൽ സമുദായ നേതാക്കളുടെ കൂട്ടായ പരിശ്രമത്താൽ പലയിടത്തും സ്‌കൂളുകളും അറബി മദ്‌റസകളും നിലവിൽ വന്നു.

ഉത്തരേന്ത്യയിൽ വമ്പിച്ച മാറ്റം കൊണ്ടുവന്ന 1864ലെ 'ദ സയന്റിഫിക് സൊസൈറ്റി ഓഫ് അലീഗർ' എന്ന വിവർത്തന പ്രസ്ഥാനത്തിലൂടെയും 1875 മെയ് 24ന് ആരംഭിച്ച 'മദ്‌റസതുൽ ഉലൂം മുസൽമാനേ ഹിന്ദ്' എന്ന വിദ്യാഭ്യാസ സ്ഥാപനത്തിലൂടെയും ആരംഭിച്ച നവോത്ഥാന പ്രസ്ഥാനമായ സർ സയ്യിദ് അഹ്മദ് ഖാന്റെ നേതൃത്വത്തിലുള്ള അലീഗർ മൂവ്‌മെന്റിന്റെ പ്രവർത്തനങ്ങൾ ഇന്ത്യയുടെ പല പ്രദേശങ്ങളിലുമെന്നപോലെ കേരളത്തിലും മുസ്‌ലിംകൾക്കിടയിൽ ആധുനിക വിദ്യാഭ്യാസവും ശാസ്ത്ര വിജ്ഞാനങ്ങളും അന്യമല്ലെന്നുള്ള ചിന്ത വളർത്തുന്നതിന് കാരണമായി. പിൽക്കാല നവോത്ഥാന പരിശ്രമങ്ങൾക്ക് പ്രേരകശക്തിയും പ്രചോദനവുമായി വർത്തിച്ച ഒരു ഘടകം ഈ ചിന്തയായിരുന്നു.

ഭരണകൂടത്തിന്റെ ഉദ്യോഗമേഖലകളിലെ പ്രതിനിധാനം സമുദായത്തിന്റെ ദുഃസ്ഥിതി പരിഹരിക്കുന്നതിന് സഹായകമാകുമെന്ന ചിന്തയും അലീഗർ പ്രസ്ഥാനത്തിന്റെ സ്വാധീനഫലമായിരുന്നു. തിരൂർ സി. സെയ്ദാലിക്കുട്ടി മാസ്റ്റർ എന്ന നവോത്ഥാന നഭസ്സിലെ നവ നക്ഷത്രത്തിന്റെ പിറവിക്കും അത് കളമൊരുക്കി.

നവോത്ഥാന നായകൻ, പത്രാധിപർ, കവി, ഗ്രന്ഥകാരൻ, വിദ്യാഭ്യാസ വിശാരദൻ, ചിന്തകൻ, വിവർത്തകൻ, ശാസ്ത്ര സ്നേഹി, ബഹുഭാഷാ പണ്ഡിതൻ എന്നിങ്ങനെ തന്റെ വിവിധ കഴിവുകളുപയോഗിച്ചുകൊണ്ട് കേരള സമൂഹത്തിന്റെ നവജീവിതത്തിന് സുഗമപാതയൊരുക്കുന്നതിന് അനവരതം യത്നിച്ച മഹാമനീഷിയായിരുന്നു സി. സെയ്ദാലിക്കുട്ടി മാസ്റ്റർ. തിരൂർ നഗരത്തിന്റെ കിഴക്ക് മുത്തൂർ പ്രദേശത്ത് ഇന്നത്തെ റയിൽപാതയുടെ കിഴക്ക് ഭാഗത്ത് റയിൽ പാത വരുന്നതിന് മുമ്പ്, പുരാതന മുസ്‌ലിം തറവാടായ കണ്ണമാൻകടവത്ത് അലവി സാഹിബിന്റെ മകനായി 1856ൽ സെയ്ദാലിക്കുട്ടി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം അറബി, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പ്രാവീണ്യം നേടി.[2]

എടവണ്ണ, തിരൂർ, വെളിയംകോട് എന്നീ പ്രദേശങ്ങളിൽ സ്കൂൾ അധ്യാപകനായിരിക്കുമ്പോൾ പുതിയ തലമുറക്ക് ഏറ്റവും നല്ലതും പുതിയതുമായ വിദ്യാഭ്യാസം നൽകുന്നതിൽ തിരൂർ സി. സെയ്ദാലിക്കുട്ടി മാസ്റ്റർ ബദ്ധശ്രദ്ധനായിരുന്നു.

സമുദായത്തിലെ വിദ്യാഭ്യാസ-സാമുദായിക പ്രശ്നങ്ങൾ ജനങ്ങൾക്കിടയിൽ സജീവ ചർച്ചയ്ക്കു വിധേയമാക്കി സമുദായത്തെ ഉത്തരോത്തരം പുരോഗതിയിലേക്ക് നയിക്കുന്നതിനുള്ള വഴികൾ സ്വീകരിച്ചു.

## സമുദായ സമുദ്ധാരകനായ സ്കൂൾ ഇൻസ്പെക്ടർ

റിപ്പൺ പ്രഭുവിന്റെ കാലം മുതൽ പൊതുവിദ്യാഭ്യാസ പ്രചാരണാർഥം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ പാലക്കാട് മുതൽ കാസർക്കോട് വരെയുള്ള ഓത്തുപള്ളികൾ, ബോർഡ് മാപ്പിള സ്കൂളുകൾ തുടങ്ങിയവ പരിശോധിച്ച് മുസ്‌ലിം പഠന നിലവാരം മെച്ചപ്പെടുത്താൻ സ്കൂൾ സബ് അസിസ്റ്റന്റ് ഇൻസ്പകൂർ(എസ്.എ.ഐ) തസ്തികയിൽ പാലക്കാട് സ്വദേശി എ. മുഹമ്മദ് ഖാനെ ആദ്യമായി നിയമിച്ചു. പരീക്ഷാ വിജയികളായ കുട്ടികളെ എണ്ണി തിട്ടപ്പെടുത്തിയാണ് സ്വകാര്യ സ്കൂളുകൾക്ക് ധനസഹായം നൽകിയിരുന്നത്. 1906ൽ തലശ്ശേരിയിൽ അച്ചാരത്ത് കാദർകുട്ടി സാഹിബും മലപ്പുറത്ത് കൽപകഞ്ചേരി മണ്ടായപ്പുറത്ത് വലിയ ബാവ മൂപ്പനും ഏറനാട്ടിലും വള്ളുവനാട്ടിലും സി. സൈദാലിക്കുട്ടി മാസ്റ്ററും 1918ൽ കോഴിക്കോട് സയ്യിദ് അബ്ദുൽ ഗഫൂർ ഷാ[3] (ബി.എ.എൽ.ടി)യും സ്കൂൾ സബ് അസിസ്റ്റന്റ് ഇൻസ്പെകൂർ തസ്തികയിൽ നിയമിതരായി.[4]

മുസ്‌ലിം കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ ചേരാൻ വിസമ്മതിച്ചതിനാൽ പല സ്ഥലങ്ങളിലും ഓത്തുപള്ളികൾക്കും മദ്റസകൾക്കും സർക്കാർ സഹായം നൽകിയും അവയിൽ ചിലത് മാപ്പിള സ്കൂളുകളായി അംഗീകാരം നൽകിയും മുല്ലമാർക്ക് പ്രത്യേക പരിഗണന നൽകിയും സ്കൂൾ സബ് അസിസ്റ്റന്റ് ഇൻസ്പെകൂർമാർ മുസ്‌ലിം വിദ്യാഭ്യാസ മേഖലക്ക് നവജീവൻ നൽകി. ഇതുമൂലം വിവിധ സ്ഥലങ്ങളിൽ പ്രാഥമിക മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നു. പെരുമാതുറ സ്വദഖത്തുല്ല ലബ്ബ, പൊന്നാനി വലിയ ജാറത്തിങ്കൽ കുഞ്ഞി സീതിക്കോയ വലിയ തങ്ങൾ, കോഴിക്കോട് ഖാൻ ബഹദൂർ മുത്തുക്കോയ തങ്ങൾ, മയ്യഴിയിൽ കൊങ്ങണം വീട്ടിൽ അബ്ദുർ റഹ്മാൻ ശൈഖ് തുടങ്ങിയ ആദ്യകാല പരിഷ്കർത്താക്കളും ഇവിടെ പേർ പറയപ്പെട്ട മുസ്‌ലിം വിദ്യാഭ്യാസ ഉദ്യോഗസ്ഥരും കൂട്ടായ പരിശ്രമത്തിലൂടെ പിന്നോക്കത്തിൽ പിന്നോക്കമായ മുസ്‌ലിം സമുദായത്തെ വിദ്യയുടെ ലോകത്തേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനായി കഠിനാധ്വാനം ചെയ്തു.[5]

**നവോത്ഥാന നായകൻ, പത്രാധിപർ, കവി, ഗ്രന്ഥകാരൻ, വിദ്യാഭ്യാസ വിശാരദൻ, ചിന്തകൻ, വിവർത്തകൻ, ശാസ്ത്ര സ്നേഹി, ബഹുഭാഷാ പണ്ഡിതൻ എന്നിങ്ങനെ തന്റെ വിവിധ കഴിവുകളുപയോഗിച്ചുകൊണ്ട് കേരള സമൂഹത്തിന്റെ നവജീവിതത്തിന് സുഗമപാതയൊരുക്കുന്നതിന് അനവരതം യത്നിച്ച മഹാമനീഷിയായിരുന്നു സി. സെയ്ദാലിക്കുട്ടി മാസ്റ്റർ. തിരൂർ നഗരത്തിന്റെ കിഴക്ക് മുത്തൂർ പ്രദേശത്ത് ഇന്നത്തെ റയിൽ പാതയുടെ കിഴക്ക് ഭാഗത്ത് റയിൽ പാത വരുന്നതിന് മുമ്പ്, പുരാതന മുസ്‌ലിം തറവാടായ കണ്ണമാൻകടവത്ത് അലവി സാഹിബിന്റെ മകനായി 1856ൽ തിരൂർ സെയ്ദാലിക്കുട്ടി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം അറബി, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പ്രാവീണ്യം നേടി.**

**ചരിത്രത്തിന്റെ ദിശ മാറ്റിയ ഒരു വർത്തമാന പത്രം**

തിരൂർ സി. സെയ്ദാലിക്കുട്ടി മാസ്റ്റർ പുരോഗമനാശയ പ്രചാരണാർഥം 1899 മുതൽ 1906 വരെ എട്ടു വർഷം 'സ്വലാഹുൽ ഇഖ്വാൻ' എന്ന പേരിൽ അറബി മലയാള ലിപിയിൽ ഒരു വർത്തമാന പത്രം പ്രസിദ്ധീകരിച്ചിരുന്നു.

മുഹമ്മദ് എന്ന ആളുടെ കൈപ്പടയിൽ എഴുതി പൊന്നാനി നഗരം അറക്കൽ പാണ്ടികശാലയിൽ വെച്ച് തലശ്ശേരിക്കാരൻ അണിയാരപ്പുറത്ത് അമ്മുവിന്റെ മഹ്കിൽ ഗറാഇബ് എന്ന അച്ചുകൂടത്തിലും പഴയ പൊന്നാനി താലൂക്കിൽ തിരൂരിനടുത്ത മംഗലം അംശം ദേശത്തെ തച്ചറക്കൽ സ്വലാഹിയ്യാ അറബിമലയാള കല്ലച്ചുകൂടത്തിൽ നിന്നുമായി സ്വലാഹുൽ ഇഖ്വാൻ പത്രം അച്ചടിച്ചിരുന്നു.

അതിനു വേണ്ടി 1897ൽ തന്നെ അദ്ദേഹം സ്വലാഹുൽ ഇഖ്വാൻ കമ്പനി രൂപീകരിച്ച് രജിസ്റ്റർ ചെയ്തിരുന്നു. വിദ്യാഭ്യാസ സംബന്ധമായതും ആരോഗ്യദായകവുമായ പല വസ്തുക്കളും വിപണനം ചെയ്തിരുന്ന തിരൂരിലെ സ്വലാഹുൽ ഇഖ്വാൻ കമ്പനിയുടെ മാനേജറും സി. സെയ്ദാലിക്കുട്ടി മാസ്റ്ററായിരുന്നു.

കേരളത്തിന്റെ നാനാഭാഗങ്ങളിലും ഇന്ത്യയിലെ വൻ നഗരങ്ങളിലും വിശുദ്ധ മക്കയടക്കം ലോകത്തെ പല തന്ത്രപ്രധാന സ്ഥലങ്ങളിലും പത്രത്തിന് റിപ്പോർട്ടർമാരും ലേഖകന്മാരും ഉണ്ടായിരുന്നു. മുസ്‌ലിംകളെ സംബന്ധിക്കുന്നതോ, അവർക്ക് ഉപകാരപ്പെടുന്നതോ ആയ വാർത്തകൾക്കും ലേഖനങ്ങൾക്കും പൊതുവാർത്തകൾക്കും ലോകവാർത്തകൾക്കും പുറമെ പ്രാധാന്യം നൽകിയിരുന്നു. പണ്ഡിതന്മാരുടെ ഫത്‌വകൾ (മതവിധി) സ്വലാഹുൽ ഇഖ്വാന്റെ തങ്കത്താളുകളെ സമ്പന്നമാക്കി.

മൗലാനാ ചാലിലകത്ത് കുഞ്ഞിമുഹമ്മദ് ഹാജിയും സനാഉല്ലാ മക്ദി തങ്ങളും പിന്നീട് വക്കം മൗലവിയും അറബിമലയാള ലിപി പരിഷ്‌ക്കരണം നടത്തിയിരുന്നു. മക്ദി തങ്ങളുടെ ലിപിയാണ് സെയ്ദാലിക്കുട്ടി മാസ്റ്റർ തന്റെ പ്രസിദ്ധീകരണങ്ങളിൽ പ്രയോഗിച്ചത്. മക്ദി തങ്ങളുടെ മിക്ക ലേഖനങ്ങളും പരസ്യങ്ങളും പുറത്തുവന്നത് സ്വലാഹുൽ ഇഖ്വാനിലൂടെയായിരുന്നു. ഹമദാനി തങ്ങൾ ഈ പത്രത്തിൽ നൽകിയ പരസ്യം നേരത്തെ ഹമദാനി തങ്ങളെ സംബന്ധിച്ച അധ്യായത്തിൽ നൽകിയിട്ടുണ്ട്.

മാസത്തിൽ രണ്ട് തവണയായിരുന്നു പത്രം പുറത്തിറങ്ങിയത്. താനൂർ ആമിനുമ്മാന്റകത്ത് പരീക്കുട്ടി മുസ്‌ലിയാർ, ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ, തിരൂരങ്ങാടി സി. എ. മുഹമ്മദ് മൗലവിയുടെ പിതാവ് ചാലിലകത്ത് അബ്ദുല്ല മൗലവി, വി. എം. മൗലവി എന്ന കോക്കൂർ മൊയ്ദുണ്ണി മുസ്‌ലിയാർ, മലപ്പുറം മേൽമുറി മാടമ്പി അലവി മുസ്‌ലിയാർ, വടക്കൻ പി.അഹ്മദ് മൗലവിയാർ, ശുജായി മൊയ്തു മുസ്‌ലിയാർ, അറക്കൽ കുഞ്ഞഹ്മദ് സാഹിബ്, പാലോളി അബ്ദുല്ല മുസ്‌ലിയാർ തുടങ്ങിയ പ്രമുഖർ സ്വലാഹുൽ ഇഖ്വാൻ പത്രത്തിൽ ലേഖനങ്ങളെഴുതിയിരുന്നു.[6]

സ്വലാഹുൽ ഇഖ്വാൻ അസ്തമിച്ച ശേഷം മൂന്ന് വർഷം തുടർച്ചയായി തിരൂരിൽ നിന്ന് 'റഫീക്വുൽ ഇസ്‌ലാം' അറബി മലയാള പ്രതിപക്ഷ പത്രവും അദ്ദേഹം ആരംഭിച്ചു.

**ഉത്തരേന്ത്യയിൽ വമ്പിച്ച മാറ്റം കൊണ്ടുവന്ന 1864ലെ 'ദ സയന്റിഫിക് സൊസൈറ്റി ഓഫ് അലീഗർ' എന്ന വിവർത്തന പ്രസ്ഥാനത്തിലൂടെയും 1875 മെയ് 24ന് ആരംഭിച്ച 'മദ്‌റസതുൽ ഉലൂം മുസൽമാനേ ഹിന്ദ്' എന്ന വിദ്യാഭ്യാസ സ്ഥാപനത്തിലൂടെയും ആരംഭിച്ച നവോത്ഥാന പ്രസ്ഥാനമായ സർ സയ്യിദ് അഹ്മദ് ഖാന്റെ നേതൃത്വത്തിലുള്ള അലീഗർ മൂവ്‌മെന്റിന്റെ പ്രവർത്തനങ്ങൾ ഇന്ത്യയുടെ പല പ്രദേശങ്ങളിലുമെന്നപോലെ കേരളത്തിലും മുസ്‌ലിംകൾക്കിടയിൽ ആധുനിക വിദ്യാഭ്യാസവും ശാസ്ത്ര വിജ്ഞാനങ്ങളും അന്യമല്ലെന്നുള്ള ചിന്ത വളർത്തുന്നതിനും കാരണമായി. പിൽക്കാല നവോത്ഥാന പരിശ്രമങ്ങൾക്ക് പ്രേരകശക്തിയും പ്രചോദനവുമായി വർത്തിച്ച ഒരു ഘടകം ഈ ചിന്തയായിരുന്നു.**

**നവോത്ഥാന സഭകളുടെ അമരക്കാരൻ**

1900 സെപ്റ്റംബർ 9ാം തീയതി രൂപീകൃതമായ നവോത്ഥാന സംഘടനയായ പൊന്നാനി മഊനത്തുൽ ഇസ്‌ലാം സഭയുടെ രൂപീകരണത്തിന് അശ്രാന്ത പരിശ്രമം നടത്തിയത് മലപ്പുറം പുതിയ മാളിയേക്കൽ സയ്യിദ് മുഹമ്മദ്ബ്‌നു അലി ഹൈദ്രോസ് പൂക്കോയ തങ്ങൾ, പൊന്നാനി വലിയ ജാറം കുഞ്ഞിസീതിക്കോയ വലിയ തങ്ങൾ, പൊന്നാനി കുഞ്ഞൻബാവ മുസ്‌ലിയാർ മഖ്ദൂമി, മുസ്‌ലിം വിദ്യാഭ്യാസ ഇൻസ്‌പെക്ടർ മണ്ടായപ്പുറത്ത് ബാവ മൂപ്പൻ, തിരൂർ സി. സെയ്ദാലിക്കുട്ടി മാസ്റ്റർ, കൂട്ടായി കല്ലിങ്ങലകത്ത് അബ്ദുൽ അസീസ് എന്ന കോയക്കുട്ടി തുടങ്ങിയ പ്രമുഖരാണ്.

തദനുബന്ധമായി ഇവരുടെ നേതൃത്വത്തിൽ പൊന്നാനി വലിയ സിയാറത്തിങ്ങൽ വിളിച്ചു ചേർത്ത

**തിരൂർ സി. സെയ്ദാലിക്കുട്ടി മാസ്റ്റർ പുരോഗമനാശയ പ്രചാരണാർഥം 1899 മുതൽ 1906 വരെ എട്ടു വർഷം 'സ്വലാഹുൽ ഇഖ്‌വാൻ' എന്ന പേരിൽ അറബി മലയാള ലിപിയിൽ ഒരു വർത്തമാന പത്രം പ്രസിദ്ധീകരിച്ചിരുന്നു. കേരളത്തിന്റെ നാനാഭാഗങ്ങളിലും ഇന്ത്യയിലെ വൻ നഗരങ്ങളിലും വിശുദ്ധ മക്കയടക്കം ലോകത്തെ പല തന്ത്രപ്രധാന സ്ഥലങ്ങളിലും പത്രത്തിന് റിപ്പോർട്ടർമാരും ലേഖകന്മാരും ഉണ്ടായിരുന്നു. മുസ്‌ലിംകളെ സംബന്ധിക്കുന്നതോ, അവർക്ക് ഉപകാരപ്പെടുന്നതോ ആയ വാർത്തകൾക്കും ലേഖനങ്ങൾക്കും പൊതുവാർത്തകൾക്കും ലോകവാർത്തകൾക്കും പുറമെ പ്രാധാന്യം നൽകിയിരുന്നു. പണ്ഡിതന്മാരുടെ ഫത്‌വകൾ സ്വലാഹുൽ ഇഖ്‌വാന്റെ തങ്കത്താളുകളെ സമ്പന്നമാക്കി.**


REGISTERED NO. M-164.
THE SALAHUL IKHWAN

മുസ്‌ലിം നേതൃ യോഗത്തിൽ സമാദരണീയരായ പണ്ഡിതരും നേതാക്കളും ഉൾപ്പെട്ട പ്രമുഖരായ 800 ഓളം ദീർഘവീക്ഷകർ സമ്മേളിച്ചു.(7)

മഊനത്തുൽ ഇസ്‌ലാം മാപ്പിള അസോസിയേഷൻ എന്ന പേരായിരുന്നു തുടക്കത്തിൽ. 1938 നവംബർ 12നാണ് മഊനത്തുൽ ഇസ്‌ലാം അസോസിയേഷൻ എന്നാക്കി മാറ്റിയത്.(8)

മഊനത്തുൽ ഇസ്‌ലാം സഭയുടെ ആദ്യ ഭരണ സമിതിയിൽ സെയ്ദാലിക്കുട്ടി മാസ്റ്റർക്ക് വൈസ് പ്രസിഡന്റിന്റെ ചുമതല ഏൽപിക്കപ്പെട്ടു. 1900 ഒക്ടോബർ 14ന് ചേർന്ന സഭയുടെ രണ്ടാമത്തെ യോഗത്തിൽ മാനേജിംഗ് കമ്മിറ്റി അംഗം സെയ്ദാലിക്കുട്ടി മാസ്റ്റർ അവതരിപ്പിച്ച ഭരണഘടന ചില ഭേദഗതികളോടെ അംഗീകരിച്ചു.(9)

പ്രസ്തുത യോഗത്തിൽ വെച്ച് മാസ്റ്ററെ മാനേജരായി തെരഞ്ഞെടുത്തു. സ്വമേധയാ ഇസ്‌ലാമിലേക്കു കടന്നുവരുന്ന വിശ്വാസികൾക്ക് മതപഠന പരിശീലനം നൽകലായിരുന്നു സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.(10)

ഇതേ ലക്ഷ്യത്തോടെ പൊന്നാനി പാലത്തുംവീട്ടിൽ കുഞ്ഞിമൊയ്തീൻ കുട്ടിയുടെ നേതൃത്വത്തിൽ ഹിദായത്തുൽ ഇസ്‌ലാം സഭ പൊന്നാനി വലിയ ജുമുഅത്ത് പള്ളിക്ക് സമീപമുള്ള കൗഡിയമാക്കാനകം തറവാട്ടിൽ നേരത്തെ പ്രവർത്തനമാരംഭിച്ചിരുന്നു.(11)

മഊനത്തുൽ ഇസ്‌ലാം സഭയുടെയും ഉപസഭകളുടെയും പ്രൊസീഡിംഗ്സ് കൊല്ലമൊന്നുക്ക് ഇരുപത്തിയഞ്ചുറുപ്പിക പ്രതിഫലം നിശ്ചയിച്ചുകൊണ്ട് സ്വലാഹുൽ ഇഖ്‌വാൻ പത്രത്തിൽ കൊടുക്കാനുള്ള സഭയുടെ മിനുട്സ് സ്വലാഹുൽ ഇഖ്‌വാൻ പത്രത്തിന്റെ 1901 ഡിസംബർ 13 വെള്ളിയാഴ്ച പുറത്തിറങ്ങിയ ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.(12)

സ്വലാഹുൽ ഇഖ്‌വാൻ പത്രത്തിലെ പരസ്യങ്ങൾ വായിച്ചവർ ഭീമമായ തുക മഊനത്തുൽ ഇസ്‌ലാം സഭയ്ക്ക് സംഭാവനയായി ലഭിച്ചു. സഭയുടെ മാതൃസ്ഥാപനം പൊന്നാനിയിൽ ആയിരിക്കുകയും ആവശ്യമായ മറ്റിടങ്ങളിൽ അതിന്റെ ശാഖകൾ രൂപീകരിക്കുകയും ചെയ്യുക എന്നതായിരുന്നു അക്കാലത്തെ സംഘടനാനയം. കിഴക്കനേഷ്യൻ രാജ്യങ്ങളിൽ പോലും മഊനത്തുൽ ഇസ്‌ലാം എന്ന പേരിൽ മുസ്‌ലിം സാംസ്കാരിക സംഘടനകൾക്ക് രൂപം നൽകിയിരുന്നു.

ഏറിയാട്, അഴീക്കോട്, ചാവക്കാട്, കോക്കൂർ, ചാലിശ്ശേരി, എടപ്പാൾ, കൂട്ടായി, മംഗലം, താനൂർ, വെട്ടത്ത് പുതിയങ്ങാടി, തലക്കടത്തൂർ, പാലക്കാട് തുടങ്ങി കൊടുങ്ങല്ലൂരിനും തലശ്ശേരിക്കുമിടയിലായി 28 ശാഖകളുണ്ടായിരുന്നു. പിന്നീട് ഇവയെല്ലാം മാതൃസ്ഥാപനത്തിൽ ലയിക്കുകയുണ്ടായി. പിൽക്കാലത്ത് കൊടുങ്ങല്ലൂർ അഴിക്കോട് ലജ്നത്തുൽ ഹമദാനിയ്യ, തിരൂർ മലബാർ ദീനുൽ ഇസ്‌ലാം സഭ എന്നീ നവോത്ഥാന സംഘടനകളുടെ സ്വത്തുക്കളും സഭക്ക് വഖ്ഫ് ചെയ്യുകയുണ്ടായി.(13)

അക്കാലത്തെ മലബാറിലെ പ്രശസ്

**മൗലാനാ ചാലിലകത്ത് കുഞ്ഞിമുഹമ്മദ് ഹാജിയും സനാഉല്ലാ മക്വ്ദി തങ്ങളും പിന്നീട് വക്കം മൗലവിയും അറബിമലയാള ലിപി പരിഷ്ക്കരണം നടത്തിയിരുന്നു. മക്വ്ദി തങ്ങളുടെ ലിപിയാണ് സെയ്ദാലിക്കുട്ടി മാസ്റ്റർ തന്റെ പ്രസിദ്ധീകരണങ്ങളിൽ പ്രയോഗിച്ചത്. മക്വ്ദി തങ്ങളുടെ മിക്ക ലേഖനങ്ങളും പരസ്യങ്ങളും പുറത്തുവന്നത് സ്വലാഹുൽ ഇഖ്വാനിലൂടെയായിരുന്നു. ഹമദാനി തങ്ങൾ ഈ പത്രത്തിൽ നൽകിയ പരസ്യം നേരത്തെ ഹമദാനി തങ്ങളെ സംബന്ധിച്ച അധ്യായത്തിൽ നൽകിയിട്ടുണ്ട്.**



ത നവോത്ഥാന സംഘടനകളായിരുന്ന പെരിന്തൽമണ്ണ അങ്ങാടിപ്പുറത്തെ വള്ളുവനാട് മദ്ഹറുൽ ഇസ്‌ലാം സഭ, 1897ൽ ആരംഭിച്ച് മഞ്ചേരിയിൽ ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹിദായത്തുൽ മുസ്‌ലിമീൻ സഭ തുടങ്ങിയവ സ്ഥാപിക്കുന്നതിനും കൽപകഞ്ചേരി മണ്ടായപ്പുറത്ത് ബാവ മൂപ്പൻ, തിരൂർ സി.സെയ്ദാലിക്കുട്ടി മാസ്റ്റർ എന്നിവരടങ്ങിയ കൂട്ടുകെട്ടുണ്ടായിരുന്നു.

ഏറനാട്ടിലെ നവോത്ഥാന സംഘടനയായിരുന്ന മഞ്ചേരി ഹിദായത്തുൽ മുസ്‌ലിമീൻ സഭയിൽ ചാലിയം, നിലമ്പൂർ, പെരിന്തൽമണ്ണ ഭാഗങ്ങളിലുള്ള അന്നത്തെ സമുദായ നേതാക്കൾ അംഗങ്ങളായിരുന്നു.[14]

**ആധാര സൂചിക:**

(1) അറബി - മലയാള ആനുകാലിക പ്രസിദ്ധീകരണങ്ങൾ, അബ്ദുറഹ്മാൻ മങ്ങാട്, കേരള മുസ്‌ലിം ഹിസ്റ്ററി കോൺഗ്രസ് പ്രബന്ധം, കേരള മുസ്‌ലിം ഹെറിറ്റേജ് ഫൗണ്ടേഷൻ കോഴിക്കോട് വെബ്സൈറ്റ്.

(2) 1883ൽ ലണ്ടനിലെ എഡ്വേർഡ് സ്റ്റാൻഫോർഡ് പ്രസിദ്ധീകരിച്ച ബ്രിട്ടീഷ് 'ഗവൺമെന്റിന്റെ വിദ്യാഭ്യാസ റിപ്പോർട്ടിന്റെ ഭൂലോകവല പതിപ്പ്.

(3) സി. സൈദാലിക്കുട്ടി മാസ്റ്റർ: നൂറ്റാണ്ട് മുമ്പത്തെ പത്രാധിപർ, ടി. വി. അബ്ദുറഹ്മാൻ കുട്ടി, ചന്ദ്രിക ദിനപ്പത്രം, 2017 ജൂൺ 8.

(4) കോഴിക്കോട് അൽഹുദാ ബുക് ഹൗസ് പുനഃപ്രസിദ്ധീകരിച്ച നബി ചരിത്രം മണിപ്രവാളം എന്ന കൊച്ചു പദ്യകൃതിയുടെ കർത്താവ്.

(5) മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം, കെ. കെ. മുഹമ്മദ് അബ്ദുൽ കരീം& സി.എൻ. അഹ്മദ് മൗലവി, കോഴിക്കോട് അൽഹുദാ ബുക് ഹൗസ്, ഒന്നാം പതിപ്പ് 1978, താൾ 63.

(6) കേരള മുസ്‌ലിം ചരിത്രം ഡയരക്ടറി സ്ഥിതി വിവരക്കണക്ക്, എഡിറ്റർ ഡോ. സി. കെ. കരീം, ചരിത്രം പബ്ലിക്കേഷൻസ് ഇടപ്പള്ളി, ഒന്നാം പതിപ്പ്, മാർച്ച് 1997, മൂന്നാം സഞ്ചിക, താൾ 368.

(7) ഈ പത്രത്തെക്കുറിച്ചുള്ള വിശദമായ പഠനം അടുത്ത അധ്യായങ്ങളിൽ.

(8) പൊന്നാനി മഊനത്തുൽ ഇസ്‌ലാംസഭ സ്മരണിക 1991, താൾ 7.

(9) മഊനത്തുൽ ഇസ്‌ലാം സഭ ചരിത്രം, ടി. വി. അബ്ദുറഹ്മാൻ കുട്ടി, നഫീസാ പബ്ലിക്കേഷൻസ്, ബസ്സ്റ്റാന്റ് പൊന്നാനി, ഒന്നാം പതിപ്പ്, ഒക്ടോബർ 2015, താൾ 48.

(10) കേരളീയ മുസ്‌ലിം പത്രപ്രവർത്തന ചരിത്രം, അബ്ദുറഹ്മാൻ മങ്ങാട്, പ്രബോധനം വാരിക അറുപതാം വാർഷികപ്പതിപ്പ് 2009.

(11) മഊനത്തുൽ ഇസ്‌ലാം സഭ ചരിത്രം, ടി.വി അബ്ദുറഹ്മാൻ കുട്ടി, നഫീസാ പബ്ലിക്കേഷൻസ്, ബസ്സ്റ്റാന്റ് പൊന്നാനി, ഒന്നാം പതിപ്പ്, ഒക്ടോബർ 2015, താൾ 51.

(12) സ്വലാഹുൽ ഇഖ്വാൻ പത്രം, 1901 ഡിസംബർ 13, വെള്ളിയാഴ്ച.

(13) ഈ സഭകളെക്കുറിച്ചുള്ള വിശദമായ പഠനം അടുത്ത അധ്യായങ്ങളിൽ

(14) മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം, കെ. കെ. മുഹമ്മദ് അബ്ദുൽ കരീം& സി.എൻ. അഹ്മദ് മൗലവി, കോഴിക്കോട് അൽഹുദാ ബുക് ഹൗസ്, ഒന്നാം പതിപ്പ് 1978, താൾ 67, 68.

**(അവസാനിച്ചില്ല)**

# സകരിയ്യ സ്വലാഹി: ആർജ്ജവമുള്ള വ്യക്തിത്വം

മുബാറക് ബിൻ ഉമർ
mail@nerpatham.com

ഓർമ

എഴുതാനുള്ള കഴിവും പ്രസംഗിക്കാനുള്ള കഴിവും ദൈവികാനുഗ്രഹങ്ങളാണെന്നതിൽ സംശയമില്ല. ഈ കഴിവുകളുള്ളവരാണ് എഴുത്തുകാരും പ്രസംഗകരുമായി അറിയപ്പെടുക. എഴുത്തുകാരിൽ മിക്കവരും പ്രസംഗത്തിൽ കഴിവുള്ളവരായിക്കൊള്ളണമെന്നില്ല. പ്രസംഗകരിൽ വളരെ കുറച്ചു പേരേ എഴുതാറുള്ളൂ. എഴുത്തും പ്രസംഗവും ഒരുപോലെ മതപ്രബോധന രംഗത്ത് ഉപയോഗിച്ച പ്രഗത്ഭ പണ്ഡിതനായിരുന്നു മർഹൂം കെ.കെ സകരിയ്യ സ്വലാഹി.

സ്വലാഹിയുടെ പിതാവ് കെ.കെ ഹംസ മൗലവി തിരൂർക്കാട്ടിന്റെ തൊട്ടടുത്ത മഹല്ലായ അരിപ്രയിൽ ഖത്വീബും ഇമാമും സ്വദ്ർ മുദർരിസ്സുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഞാൻ എൽ.പി, യു.പി സ്കൂളിലൊക്കെ പഠിക്കുന്ന കാലത്താണത്. തിരൂർക്കാട്ട് അന്ന് യഥാസ്ഥിതികരുടെ പള്ളിയേ ഉണ്ടായിരുന്നുള്ളൂ. ഈദ്ഗാഹിൽ പെരുന്നാൾ നമസ്കാരം നിർവഹിക്കുന്നത് കാണാനും അതിൽ പങ്കെടുക്കാനുമായി ഞങ്ങൾ പലരും അക്കാലത്ത് അരിപ്രയിൽ പോയിരുന്നു. ഹംസമൗലവി കുടുംബസമേതം അന്ന് അരിപ്രയിലുണ്ടായിരുന്നു. കൃത്യമായ പ്ലാനിംഗോടെ മഹല്ല് നിയന്ത്രിച്ച അദ്ദേഹം വലിയ പരിവർത്തനങ്ങൾ വരുത്തിയത് പഴമക്കാർ ഓർക്കുന്നുണ്ടാകും. സകരിയ്യ സ്വലാഹിയുടെ പ്രാഥമിക സ്കൂൾ പഠനം അരിപ്രയിലായിരുന്നു. ഏകദേശം 1967-73 കാലമായിരിക്കണമത്.

എടവണ്ണ ജാമിഅ നദ്‌വിയ്യയിൽ പഠിക്കുന്ന കാലത്ത് തന്നെ സമർഥനായ വിദ്യാർഥിയായി അറിയപ്പെട്ടിരുന്നു സ്വലാഹി. 'സൽസബീൽ' മാസികയിൽ സ്ഥിരമായി മർഹൂം ഡോ. ഉസ്മാൻ സാഹിബ് എഴുതിയിരുന്നു. എന്റെ പിതാവ് കെ. ഉമർ മൗലവിയുടെ വളരെ അടുത്ത സ്നേഹിതനായിരുന്നു ഡോക്ടർ. അദ്ദേഹം കമ്യൂണിസ്റ്റ് ബുദ്ധിജീവിയായും നാടക സംവിധായകനായും പ്രവർത്തിച്ചു കൊണ്ടിരുന്ന കാലത്തും ഉപ്പ അദ്ദേഹവുമായി അടുപ്പത്തിലായിരുന്നു. ഡോക്ടറുടെ ലേഖനം സാധാരണ തപാലിലാണ് വന്നിരുന്നത്. ആ തവണ ലേഖനം എത്തിയില്ല. ആ ലക്കം മാസികയുടെ പണി തീരാറായിരിക്കുകയാണ്. ഡോക്ടറുടെ ലേഖനം കുടി കിട്ടിയാൽ ആ ലക്കം പുറത്തിറക്കാം. ഉപ്പ എന്നോട് 'നീ നിലമ്പൂരിൽ പോയി ഡോക്ടറുടെ ലേഖനം വാങ്ങിക്കൊണ്ടുവാ' എന്ന് പറഞ്ഞു. അതൊരു വെള്ളിയാഴ്ചയായിരുന്നു. ഞാൻ പുറപ്പെട്ടു. മഞ്ചേരിയിൽ എത്തിയപ്പോൾ ജുമുഅക്ക് സമയമായി. അങ്ങനെ മേലാക്കം പള്ളിയിൽ ജുമുഅക്ക് കൂടി. നോക്കുമ്പോൾ മിമ്പറിൽ സകരിയ്യയാണ്. അദ്ദേഹം ജാമിഅയിൽ പഠിക്കുന്നകാലമാണത്.

അതൊരു പൊതുതെരഞ്ഞെടുപ്പ് കാലമാണ്. തെരഞ്ഞെടുപ്പിന്റെ പ്രചാരണ ബഹളങ്ങൾക്കിടയിൽ മൂല്യങ്ങൾ പലതും ചോർന്നുപോകാറുണ്ടല്ലോ. ഒരു മുസ്‌ലിം തെരഞ്ഞെടുപ്പ് കാലത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി ഞാൻ ശബാബ് വാരികയിൽ ഒരു ലേഖനമെഴുതിയിരുന്നു. 'ജനസേവകരുടെ പൂക്കാലം' എന്നായിരുന്നു അതിന്റെ തലക്കെട്ട് എന്നാണെന്റെ ഓർമ.

ആ ലേഖനത്തിലെ പോയിന്റുകൾ നിരത്തിയാണ് സകരിയ്യ അന്ന് ഖുത്വുബ നടത്തിയത്. ഇസ്‌ലാമികമായി ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്ന ആർക്കും പറയാവുന്ന പോയിന്റുകൾ. ഖുത്വുബ കഴിഞ്ഞ് സകരിയ്യ എന്റെയടുത്ത് വന്ന് സലാം പറഞ്ഞു. ശേഷം മുഖവുരയൊന്നുമില്ലാതെ ഇങ്ങനെ പറഞ്ഞു: "ഞാൻ നിങ്ങളുടെ ലേഖനമാണ് ഖുത്വുബയിൽ സംസാരിച്ചത്."

എന്നോടങ്ങനെ തുറന്ന് പറയേണ്ട കാര്യമൊന്നുമില്ല. ഖുത്വുബയും ക്ലാസ്സുമൊക്കെ നടത്തുന്ന ആൾക്കും വിശകലനം ചെയ്യാവുന്ന കാര്യങ്ങളേ എന്റെ ലേഖനത്തിലുള്ളൂ. മറ്റൊരാളുടെ ലേഖനത്തിലെ പോയിന്റുകൾ നമുക്കുപയോഗിക്കാം. അത് സ്വാഭാവികമാണ്. പക്ഷേ, നമ്മളോടത് തുറന്ന് പറയുന്നതിൽ നിന്നൊരു കാര്യം വ്യക്തം; ആ വ്യക്തി വിനയമുള്ളവനാണ്. ഒരു സംശയവുമില്ല. മറ്റൊന്ന്, അഭിനന്ദിക്കാനുള്ള നല്ലൊരു മനസ്സുണ്ടായിരുന്നു അദ്ദേഹത്തിന്. അധികം പേരിലും കാണപ്പെടാത്ത ഗുണങ്ങളാണിതൊക്കെ.

സകരിയ്യ ജാമിഅയിൽ നിന്ന് പഠനം പൂർത്തിയാക്കി സ്വലാഹിയായി പുറത്തുവന്നു. പ്രഭാഷണ രംഗത്ത് മിടുക്കനായിരുന്നു അദ്ദേഹം. കേരളത്തിലുടനീളം മതപ്രഭാഷണ വേദികളിൽ നിന്ന് വേദികളിലേക്ക് ഇടതടവില്ലാതെ ഓടിനടന്നു. പാലക്കാട് ജില്ലയിൽ കുറച്ച് കാലം സ്കൂൾ അധ്യാപകനായി ജോലിചെയ്ത ശേഷമാണ് കടവത്തൂർ അറബിക്കോളേജിൽ ലക്ചററായി അവിടെത്തന്നെ താമസമാക്കിയത്. രണ്ടു വീടുകളും അതിന്നിടയിൽ നല്ലൊരു ലൈബ്രറിയും അദ്ദേഹം നിർമിച്ചു.

പ്രസ്ഥാനത്തിൽ സ്വാഭാവികമായും സ്വലാഹി ഉയർന്നുവന്നു. അദ്ദേഹം ഐ.എസ്.എമ്മിന്റെ സംസ്ഥാന ഉപാധ്യക്ഷനായിരുന്നു അവിഭക്ത മുജാഹിദ് സംഘടനയിൽ. നിരന്തരമായ പ്രഭാഷണവും ഖണ്ഡന പ്രസംഗങ്ങളും അതുമായി ബന്ധപ്പെട്ട യാത്രകളും സ്വലാഹിക്കൊരു ഹരമായിരുന്നു എന്നുവേണം പറയാൻ. യാത്രകൾക്കിടയിൽ ഒഴിഞ്ഞു കിട്ടുമ്പോഴൊക്കെ തിരൂർക്കാട്ട് വരുമായിരുന്നു. മിക്കവാറും ഭക്ഷണം കഴിച്ച് ഒന്ന് വിശ്രമിച്ചിട്ടേ പോകുമായിരുന്നുള്ളൂ. ഇഷ്ടപ്പെട്ട ഭക്ഷണം ഇന്നത് വേണം എന്ന് ആവശ്യപ്പെടാനുള്ള സ്വാതന്ത്ര്യം അദ്ദേഹത്തിനുണ്ടായിരുന്നു.

പുതിയ വിഷയങ്ങൾ പഠിക്കാനും കിതാബുകൾ നോക്കാനും സ്വലാഹിയെപ്പോലെ താൽപര്യമുള്ളവരെ മൂന്നോ നാലോ പേരെ മാത്രമെ ഞാൻ കണ്ടിട്ടുള്ളൂ. അറിയാത്തത് ചോദിക്കാനും പഠിക്കാനും ഒരു മടിയും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഖലീഫ മഅ്മൂനിനെതിരായി ഇമാം അഹ്മദ്ബ്നു ഹൻബൽ(റഹി) പ്രാർഥിച്ച ഒരു വാചകത്തിന്റെ അർഥം ചോദിച്ചത് ഞാനോർക്കുന്നു.

**സകരിയ്യ ജാമിഅയിൽ നിന്ന് പഠനം പൂർത്തിയാക്കി സ്വലാഹിയായി പുറത്തുവന്നു. പ്രഭാഷണ രംഗത്ത് മിടുക്കനായിരുന്നു അദ്ദേഹം. കേരളത്തിലുടനീളം മത പ്രഭാഷണ വേദികളിൽ നിന്ന് വേദികളിലേക്ക് ഇടതടവില്ലാതെ ഓടിനടന്നു. പാലക്കാട് ജില്ലയിൽ കുറച്ച് കാലം സ്കൂൾ അധ്യാപകനായി ജോലിചെയ്ത ശേഷമാണ് കടവത്തൂർ അറബിക്കോളേജിൽ ലക്ചററായി അവിടെത്തന്നെ താമസമാക്കിയത്. രണ്ടു വീടുകളും അതിന്നിടയിൽ നല്ലൊരു ലൈബ്രറിയും അദ്ദേഹം നിർമിച്ചു.**

**ഒരു മുസ്‌ലിം തെരഞ്ഞെടുപ്പ് കാലത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി ഞാൻ ശബാബ് വാരികയിൽ ഒരു ലേഖനമെഴുതിയിരുന്നു. 'ജനസേവകരുടെ പൂക്കാലം' എന്നായിരുന്നു അതിന്റെ തലക്കെട്ട് എന്നാണെന്റെ ഓർമ. ആ ലേഖനത്തിലെ പോയിന്റുകൾ നിരത്തിയാണ് സകരിയ്യ അന്ന് ഖുത്വുബ നടത്തിയത്. ഇസ്‌ലാമികമായി ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്ന ആർക്കും പറയാവുന്ന പോയിന്റുകൾ. ഖുത്വുബ കഴിഞ്ഞ് സകരിയ്യ എന്റെയടുത്ത് വന്ന് സലാം പറഞ്ഞു. ശേഷം മുഖവുരയൊന്നുമില്ലാതെ ഇങ്ങനെ പറഞ്ഞു: "ഞാൻ നിങ്ങളുടെ ലേഖനമാണ് ഖുത്വുബയിൽ സംസാരിച്ചത്."**

വാദപ്രതിവാദത്തിലും അദ്ദേഹം സമർഥനായിരുന്നു. യാഥാസ്ഥിതികരുമായി മണ്ണാർക്കാട്ട് നടന്ന വാദപ്രതിവാദം എല്ലാവരും ഓർക്കുന്നുണ്ടാകും.

ഞാൻ അബൂദാബിയിലായിരുന്നപ്പോൾ പലതവണ അദ്ദേഹം വന്നത് ഞാനോർക്കുന്നു. സ്വലാഹിയുടെ പ്രസംഗശൈലി ഏറെ പ്രസിദ്ധമായിരുന്നല്ലോ. കർക്കശമായ പദപ്രയോഗങ്ങൾ ഒഴിവാക്കുന്നതല്ലേ ഉത്തമം എന്ന് ഞാൻ ഇടക്കിടെ ഓർമിപ്പിക്കാറുണ്ടായിരുന്നു. അല്ല, അതങ്ങനെത്തന്നെയാണ് പറയേണ്ടത് എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

സകരിയ്യ സ്വലാഹിയുടെ ശൈലി വളരെ ഇഷ്ടപ്പെട്ടിരുന്ന ഒരു കൂട്ടുകാരൻ എനിക്കുണ്ടായിരുന്നു. പന്താരങ്ങാടി സ്വദേശി കോയ. ഈ ശൈലിയെപ്പറ്റി നമുക്കൊരു ചർച്ച നടത്താം എന്ന് ഞങ്ങൾ തീരുമാനിച്ചു. മദീനായിലും ഈജിപ്തിലുമൊക്കെ പഠിച്ച മുഹമ്മദ് അഹ്മദ് ഫാറൂഖിയുടെ സാന്നിധ്യത്തിൽ അന്ന് അബൂദാബിയിൽ വെച്ച് ഞങ്ങൾ ചർച്ച നടത്തി. അത്തരം ശൈലീ പ്രയോഗങ്ങൾക്ക് കുഴപ്പമില്ല എന്ന് സ്വലാഹി സമർഥിച്ചു. രണ്ടോ മൂന്നോ മണിക്കൂറുള്ള ഒരു തൗഹീദ് പ്രഭാഷണത്തിൽ മേൽ പറഞ്ഞ തരത്തിലുള്ള രണ്ടോ മൂന്നോ വാചകങ്ങൾ കാണാം. അത് കേൾക്കുന്നതോടെ യാഥാസ്ഥിതികനോ നിഷ്പക്ഷനോ ആയ ഒരാൾ അതോടെ എഴുന്നേറ്റ് പോകും. ആ വാചകങ്ങൾ ഒഴിവാക്കി എന്നത് കൊണ്ട് ആ പ്രഭാഷണത്തിന്ന് ഒരു കുറവും ഇല്ല. അത് കൊണ്ട് അതൊഴിവാക്കുന്നതല്ലേ നല്ലത് എന്നായിരുന്നു ഞാൻ ചോദിച്ചത്. ഇടക്ക് അങ്ങനെയൊക്കെ പറയാമെന്ന വാദത്തിൽ സ്വലാഹി ഉറച്ചു നിന്നു.

ഉപ്പായുടെ ക്വുർആൻ പരിഭാഷയിൽ ചേർത്തിയിട്ടുള്ള ഹദീഥുകളുടെ സ്വഹീഹ്/ദഈഫ് പരിശോധനക്ക് സഹായിക്കണമെന്ന് സ്വലാഹിയോട് ഞാൻ പറഞ്ഞിരുന്നു. ഞാൻ കടവത്തൂരിലേക്ക് ചെല്ലണമെന്നാവശ്യപ്പെട്ടു. നല്ല ലൈബ്രറിയുമുണ്ടല്ലോ. അങ്ങനെ ഞാൻ പോയി. സ്വലാഹിയുടെ കൂടെ താമസിച്ചു. ഒരു ഖണ്ഡനപ്രസംഗത്തിനുള്ള തയ്യാറെടുപ്പിലായിരുന്നു അദ്ദേഹം. ത്വരീഖത്തുകാർക്കുള്ള മറുപടി. ആ പ്രസംഗ കാസറ്റുകൾ കേൾക്കുകയായിരുന്ന അദ്ദേഹം. അടുത്ത ദിവസം വെള്ളിയാഴ്ചയായിരുന്നു. അദ്ദേഹം ഖുത്വുബ നടത്തിയിരുന്ന തലശ്ശേരി പള്ളിയിൽ ഖുത്വുബക്കു പോകാൻ എന്നോടാവശ്യപ്പെട്ടു. ഞാൻ പോയി. പഴയ വലിയൊരു പള്ളി. ഖുത്വുബ കഴിഞ്ഞ് ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്ക് തിരിച്ചുചെന്നു. ഞാനുദ്ദേശിച്ച പണി കുറച്ചൊക്കെ നടന്നു.

മൂന്നു നാലു മാസങ്ങൾക്കു മുമ്പ് സ്വലാഹി തിരൂർക്കാട്ട് വന്നു. കുറേ വിഷയങ്ങൾ സംസാരിച്ചു. ഭക്ഷണം കഴിച്ചശേഷം തിരിച്ചു പോയി. അവസാനമായി കണ്ടത് അന്നായിരുന്നു.

എന്നെക്കാൾ എട്ടു വയസ്സ് കുറവായിരുന്നു അദ്ദേഹത്തിന്. വിഷയങ്ങൾ പഠിക്കുന്നതിനും ബോധ്യപ്പെട്ട കാര്യം തുറന്നു പറയുന്നതിനും ഒരു നേരിയ ഭയമോ മടിയോ സ്വലാഹിക്കുണ്ടായിരുന്നില്ല. കെ.കെ. സകരിയ്യ സ്വലാഹി എന്ന പണ്ഡിത വ്യക്തിത്വത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത അതായിരുന്നു; എന്റെ പത്തുനാൽപത് വർഷത്തെ പരിചയത്തിൽ നിന്ന് എനിക്ക് ഒട്ടും ആലോചിക്കാതെ തന്നെ ഇത് പറയാൻ കഴിയും. പ്രസ്ഥാന നേതൃത്വത്തോട് കലഹിക്കേണ്ടി വന്നപ്പോഴും അദ്ദേഹം ശിരസ്സുയർത്തിപ്പിടിച്ചു തന്നെ നിലകൊണ്ടു.

ഒരുപാട് ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ആനുകാലിക പ്രശ്നങ്ങളുടെ വിശകലനമായി എത്രയോ ലേഖനങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഐ.എസ്സിനെക്കുറിച്ച് ഒടുവിലെഴുതിയത് പുസ്തകമായി എന്നാണറിയാൻ കഴിഞ്ഞത്. ശക്തമായ ഒരു രചനാ ശൈലിക്ക് ഉടമായിരുന്നു സ്വലാഹി.

അദ്ദേഹത്തിന്റെയും നമ്മുടെയും പാപങ്ങളും തെറ്റുകളും പരമകാരുണികൻ വിട്ടുപൊറുത്തു മാപ്പാക്കത്തരുമാറാകട്ടെ. സൽകർമങ്ങൾ സ്വീകരിക്കട്ടെ. സ്വർഗത്തിൽ വെച്ച് കണ്ടുമുട്ടാനും മാതാപിതാക്കളും ഗുരുനാഥന്മാരും പുണ്യവാന്മാരുമായി ഒത്തുകൂടാനും സർവശക്തൻ തുണക്കട്ടെ- ആമീൻ. ●



ടി.കെ ത്വൽഹത്ത് സ്വലാഹി
tkthalha@gmail.com

ലേഖനം

# മുതിർന്നവർ തഴയപ്പെടേണ്ടവരല്ല

സ്വഭാവ രംഗത്തെ എല്ലാ മര്യാദകളും മാന്യതകളും സ്വജീവിതത്തിലൂടെ കാണിച്ചുതന്ന ഗുരുനാഥനാണ് മുഹമ്മദ് നബിﷺ. നബിﷺ സൽസ്വഭാവങ്ങളുടെ നിറകുടമായിരുന്നു.

അല്ലാഹു തന്നെ പറഞ്ഞത് നോക്കൂ:

"തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു" (ക്വുർആൻ 68:4).

പ്രവാചക നിയോഗത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് തന്നെ സൽസ്വഭാവ പൂർത്തീകരണമാണ്. ഒരു ഹദീഥ് കാണുക.

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "സൽസ്വഭാവങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്" (അഹ്മദ്).

സമൂഹത്തിന്റെ നന്മയും മേന്മയും വിശ്വാസിയുടെ ലക്ഷ്യമായിരിക്കണം. സാമൂഹ്യബന്ധങ്ങൾക്ക് വിള്ളലേൽപിക്കുന്ന ഒന്നും നമ്മിൽ നിന്നുണ്ടായിക്കൂടാ. സാമുഹ്യബന്ധങ്ങളുടെ അടിത്തറയാണ് പരസ്പര ബഹുമാനവും ആദരവും. സമൂഹത്തിൽ വ്യത്യസ്ത പ്രായത്തിലും പ്രകൃതിയിലുമുള്ളവരോട് ഇടപെടേണ്ട വ്യത്യസ്ത രീതികൾ ഇസ്‌ലാം പഠിപ്പിച്ചു. നമുക്കിടയിൽ ഏറെ പരിഗണനയും പിന്തുണയും ലഭിക്കേണ്ട വിഭാഗമാണ് പ്രായമുള്ളവർ. അവരോട് ആദരവോടെ ഇടപഴകാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു.

ഒരാളുടെ വ്യക്തിത്വത്തിന്റെയും സംസ്കാരത്തിന്റെയും അടയാളം കൂടിയാണ് മുതിർന്നവർക്ക് പരിഗണനയും പിന്തുണയും നൽകുക എന്ന സൽഗുണം.

ചിലർ വേഗത്തിൽ മരണപ്പെടുന്നതും മറ്റു ചിലർ വാർധക്യത്തിലെത്തുന്നതും അല്ലാഹുവിന്റെ തീരുമാനമാണ്. ക്വുർആൻ പറയുന്നു:

"മനുഷ്യരേ, ഉയിർത്തെഴുന്നേൽപിനെ പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ച് നോക്കുക:) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും പിന്നീട് ബീജത്തിൽ നിന്നും പിന്നീട് ഭ്രൂണത്തിൽ നിന്നും അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണശക്തി പ്രാപിക്കുന്നതുവരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിന് ശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ടു നിർജീവമായി കിടക്കുന്നതായി നിനക്ക് കാണാം. എന്നിട്ട് അതിൻമേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളേയും അത് മുളപ്പിക്കുകയും ചെയ്യുന്നു" (ക്വുർആൻ 22:5).

മറ്റൊരു വചനം ഇപ്രകാരമാണ്: "നിങ്ങളെ ബലഹീനമായ അവസ്ഥയിൽ നിന്നു സൃഷ്ടിച്ചുണ്ടാക്കിയവനാകുന്നു അല്ലാഹു. പിന്നെ ബലഹീനതയ്ക്കു ശേഷം അവൻ ശക്തിയുണ്ടാക്കി. പിന്നെ അവൻ ശക്തിക്ക് ശേഷം ബലഹീനതയും നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവനത്രെ സർവജ്ഞനും സർവശക്തനും"(ക്വുർആൻ 30:54).

പ്രായാധിക്യം മൂലമുണ്ടാകുന്ന പ്രയാസങ്ങളിൽ നിന്ന് പ്രവാചകൻ രക്ഷതേടാറുണ്ടായിരുന്നു.

"അല്ലാഹുവേ, തീർച്ചയായും ഭീരുത്വത്തിൽ നിന്നും അവശമായ പ്രായത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. ഐഹികജീവീതത്തിന്റെ പരീക്ഷണങ്ങളിൽ നിന്നും ക്വബ്ർ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു" (ബുഖാരി).

പ്രായമുള്ളവർക്ക് എല്ലാ കാര്യങ്ങളിലും പിന്തുണയും മുൻഗണനയും നൽകേണ്ടതുണ്ട്. എന്നാൽ പലപ്പോഴും അവഗണണയും അകൽച്ചയുമാണ് അവർക്ക് സമൂഹത്തിൽ നിന്ന് ലഭിക്കുന്നത്. തന്റെ ചുറുചുറുക്കുള്ള പ്രായത്തിൽ മറ്റുള്ളവരുടെ വളർച്ചക്കും ഉയർച്ചക്കും വേണ്ടി നട്ടെല്ലായി വർത്തിച്ച, മറ്റുള്ളവരുടെ ക്ഷേമത്തനും ഐശ്വര്യത്തിനും വേണ്ടി നെടുംതൂണായി നിലകൊണ്ട അവരെ, അവരുടെ വാർധക്യത്തിൽ മറക്കുകയും വെറുക്കുകയും ചെയ്യുന്നത് എന്തു മാത്രം അപരാധമാണ്! ഇനി ഉപകാരമില്ലെന്ന് കാണുമ്പോൾ അവരെ കറിവേപ്പില പോലെ എടുത്തൊഴിവാക്കുന്നത് കാണാറുണ്ട്. വൃദ്ധമാതാപിതാക്കളെ വൃദ്ധസദനങ്ങളിലാക്കുന്നവരെയും കുറച്ചൊക്കെ സമൂഹത്തിൽ നാം കണ്ടുവരുന്നു. വയസ്സിൽ മൂത്തവരെ ബഹുമാനിക്കുക എന്ന സൽഗുണം പതിയെ സമൂഹത്തിൽ നിന്ന് എടുത്തു പോയിക്കൊണ്ടിരിക്കുകയാണ്.

ഇസ്‌ലാം മുതിർന്നവർക്ക് വലിയ പ്രാധാന്യം നൽകുന്നുണ്ട്. അവരോടുള്ള ബഹുമാനം അല്ലാഹുവിനെ ആദരിക്കലായിട്ടാണ് ഇസ്‌ലാം കാണുന്നത്.

ഒരു ഹദീഥിൽ ഇങ്ങനെ കാണാം: അബൂമൂസൽ അശ്അരി(റ)യിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "തീർച്ചയായും പ്രായം മൂലം നര ബാധിച്ച മുസ്‌ലിമിനെയും വിശുദ്ധ ക്വുർആൻ പഠിക്കുന്നവനെയും നീതിമാനായ ഭരണാധികാരിയെയും ബഹുമാനിക്കൽ അല്ലാഹുവിനെ ആദരിക്കലാണ്"(തുർമുദി).

മുതിർന്നവരെ ബഹുമാനിക്കൽ സത്യവിശ്വാസിയുടെ നല്ല ഗുണങ്ങളിൽ പെട്ടതാണ്.

അനസ്(റ)വിൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ഒരിക്കൽ പ്രായമുള്ള ഒരാൾ പ്രവാചകനെ ലക്ഷ്യമാക്കി വന്നു. അദ്ദേഹത്തിന് സൗകര്യമൊരുക്കാൻ ആളുകൾ അമാന്തം കാണിക്കുന്നത് കണ്ട് പ്രവാചകൻﷺ പറഞ്ഞു: 'നമ്മിലെ ചെറിയവരോട് കരുണ കാ



ണിക്കാത്തവനും വലിയവരെ ആദരിക്കാത്തവനും നമ്മിൽ പെട്ടവനല്ല"(തുർമുദി). മറ്റൊരു റിപ്പോർട്ടിൽ 'നമ്മിലെ മുതിർന്നവരുടെ മഹത്ത്വം മനസ്സിലാക്കാത്തവനും നമ്മിൽ പെട്ടവനല്ല' എന്നാണുള്ളത്.

നമ്മെക്കാൾ പ്രായമുള്ളവർ സ്വന്തം മാതാപിതാക്കളാണെങ്കിലും അല്ലെങ്കിലും ബന്ധുക്കളാണെങ്കിലും അല്ലെങ്കിലും അയൽവാസികളാണെങ്കിലും അല്ലെങ്കിലും വിശ്വാസികളാണെങ്കിലും അല്ലെങ്കിലും മുതിർന്നവരെന്ന പരിഗണന അവർക്ക് നൽകണം. മക്കാ വിജയ ദിവസം അബൂബകർ ﵁ തന്റെ പിതാവ് അബൂകുഹാഫയെ തിരുനബിയുടെ അടുക്കലേക്ക് കൊണ്ടുവന്നപ്പോൾ നബി ﷺ ചോദിക്കുകയുണ്ടായി: "ഇത്രയും പ്രായമുള്ള പിതാവിനെ കാണാൻ ഞാൻ അങ്ങോട്ട് വരുമായിരുന്നില്ലേ?..." (ബുഖാരി).

പ്രായമുള്ളവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവർക്ക് വലിയ പ്രതിഫലമുണ്ട്. മൂന്ന് പേർ ഗുഹയിൽ അഭയം പ്രാപിച്ച സന്ദർഭത്തിൽ ഒരു പാറക്കല്ല് ഉതിർന്നു വീണ് ഗുഹാമുഖം അടഞ്ഞപ്പോൾ ഗുഹയിൽ വെച്ച് മൂന്നു പേരും അവരവർ ചെയ്ത നന്മകൾ മുൻനിർത്തി പ്രാർഥിക്കാൻ തീരുമാനിച്ച സംഭവം വിശദീകരിക്കുന്ന ഹദീഥിൽ ഒരാൾ പ്രാർഥിച്ചതിന്റെ ആശയം ഇപ്രകാരമാണ്: 'അല്ലാഹുവേ, എനിക്ക് വളരെയധികം വാർധ്യം പ്രാപിച്ച മാതാപിതാക്കളുണ്ടായിരുന്നു. അവർക്ക് ഭക്ഷണം നൽകിയതിന് ശേഷമെ ഞാൻ എന്റെ ഭാര്യക്കും മക്കൾക്കും ഭക്ഷണം നൽകാറുണ്ടായിരുന്നുള്ളൂ. ഒരു ദിവസം ഞാൻ ഭക്ഷണവുമായി ചെന്നപ്പോൾ മാതാപിതാക്കൾ ഉറങ്ങുകയായിരുന്നു. (അവരെ വിളിച്ചുണർത്തി പ്രയാസപ്പെടുത്തുന്നതിന് പകരം) അവർ ഉണരുന്നത് വരെ ഞാനവിടെ കാത്തിരുന്നു. അല്ലാഹുവേ, ഞാനങ്ങനെ ചെയ്തത് നിന്റെ പ്രതിഫലം പ്രതീക്ഷിച്ച് മാത്രമാണെന്ന് നിനക്കറിയാമല്ലോ. അതിനാൽ ഈ പാറക്കല്ല് നീക്കിത്തരേണമേ..." (ബുഖാരി).

അവരോട് സംസാരിക്കുമ്പോൾ ബഹുമാനവും ആദരവും തോന്നിക്കുന്ന വാക്കുകളും പ്രയോഗങ്ങളുമായിരിക്കണം ഉപയോഗിക്കേണ്ടത്. മുതിർന്നവർക്കുവേണ്ടി ബസിൽ സീറ്റ് മാറിക്കൊടുക്കാനും എല്ലായിടത്തും സൗകര്യം ചെയ്തു കൊടുക്കാനും നമുക്ക് കഴിയണം. പുതുതലമുറയെ ഇത്തരം മര്യാദകൾ പ്രത്യേകം പഠിപ്പിക്കേണ്ടിയിരിക്കുന്നു. മറ്റുള്ളവർ ചെയ്യുന്നതു കണ്ടാണ് കുട്ടികൾ പലതും പഠിക്കുന്നത്. അതുകൊണ്ട് മറ്റുള്ളവരോട് എങ്ങനെയാണ് പെരുമാറേണ്ടതെന്ന് മാതാപിതാക്കൾ സ്വന്തം ജീവിതത്തിലൂടെ മക്കൾക്കു കാണിച്ചുകൊടുക്കണം.

ഏത് കാര്യത്തിലും അവർക്ക് പരിഗണന നൽകണമെന്നാണ് പ്രവാചകാധ്യാപനം.

ഇബ്നു ഉമർ ﵁ വിൽ നിന്ന് നിവേദനം; നിശ്ചയം നബി ﷺ പറഞ്ഞു: "ഞാൻ ഒരിക്കൽ ഇപ്രകാരം സ്വപ്നം കണ്ടു; ഞാൻ ദന്തശുദ്ധീകരണം നടത്തിക്കൊണ്ടിരിക്കുമ്പോൾ രണ്ട് പേർ അവിടെ വന്നു. അവരിലൊരാൾ അൽപം മുതിർന്നവനായിരുന്നു. ഞാനവരിലെ ചെറിയവന് മിസ്വാക്ക് നൽകി. അപ്പോൾ എന്നോട് പറയപ്പെട്ടു: 'മുതിർന്നവരെ പരിഗണിക്കൂ.' അപ്പോൾ ഞാനത് മുതിർന്നവന് നൽകി" (ബുഖാരി, മുസ്‌ലിം).

മറ്റൊരു ഹദീഥിൽ ഇപ്രകാരം കാണാം: "മുതിർന്നവർക്ക് മുൻഗണന നൽകാൻ ജിബ്‌രീൽ ﵇ എന്നോട് കൽപിക്കുകയുണ്ടായി" (അസ്സിൽസിലതുസ്സ്വഹീഹ: 1555).

ഒരിക്കൽ അബ്ദുറഹ്മാനുബ്നു സഹ്ൽ, ഹുവയ്യിസ്വ, മുഹയ്യിസ്വ (മസ്ഊദ് ബ്നു സൈദി ﵁ ന്റെ രണ്ട് മക്കൾ) തുടങ്ങിയവർ പ്രവാചകന്റെ അടുക്കലെത്തി. അബ്ദുറഹ്മാനുബ്നു സഹ്ൽ സംസാരിക്കാൻ തുടങ്ങിയപ്പോൾ നബി ﷺ പറഞ്ഞു: "മുതിർന്നവർ, മുതിർന്നവർ" (ബുഖാരി).

ചെറിയവർ വലിയവരോട് അങ്ങോട്ട് സലാം പറഞ്ഞ് തുടങ്ങണമെന്ന് പഠിപ്പിക്കപ്പെട്ടതും നമസ്കാരത്തിന് ഇമാം നിൽക്കുന്നവർ പിറകിലുള്ള രോഗികൾ, പ്രായമായ ദുർബലർ, പല ആവശ്യമുള്ളവർ എന്നിവരെ പരിഗണിച്ച് നമസ്കാര ദൈർഘ്യം കുറക്കണമെന്ന് നിർദേശിക്കപ്പെട്ടതുമെല്ലാം ഈ വിഷയത്തിന്റെ പ്രാധാന്യം നമ്മെ കൂടുതൽ ബോധ്യപ്പെടുത്തുന്നു. ●

**സമൂഹത്തിന്റെ നന്മയും മേന്മയും വിശ്വാസിയുടെ ലക്ഷ്യമായിരിക്കണം. സാമൂഹ്യബന്ധങ്ങൾക്ക് വിള്ളലേൽപിക്കുന്ന ഒന്നും നമ്മിൽ നിന്നുണ്ടായിക്കൂടാ. സാമൂഹ്യബന്ധങ്ങളുടെ അടിത്തറയാണ് പരസ്പര ബഹുമാനവും ആദരവും. സമൂഹത്തിൽ വ്യത്യസ്ത പ്രായത്തിലും പ്രകൃതിയിലുമുള്ളവരോട് ഇടപെടേണ്ട വ്യത്യസ്ത രീതികൾ ഇസ്‌ലാം പഠിപ്പിച്ചു. നമുക്കിടയിൽ ഏറെ പരിഗണനയും പിന്തുണയും ലഭിക്കേണ്ട വിഭാഗമാണ് പ്രായമുള്ളവർ. അവരോട് ആദരവോടെ ഇടപഴകാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു.**

മൂസ സ്വലാഹി, കാര
mail@nerpatham.com

ലേഖനം



# ഗുണകാംക്ഷികളാവുക

'അന്നസ്വീഹത്' അഥവാ 'ഗുണകാംക്ഷ' എന്നത് മതത്തിന്റെ തൂണും അതിന്റെ കാതലുമാണ്. ഉദ്ദേശ ശുദ്ധിയും പ്രവൃത്തിയും നന്നാക്കി ഇഹപര വിജയം ലക്ഷ്യമിട്ട് നേരാംവിധം ഓരോ വ്യക്തിയോടും ഇടപഴകുക എന്നതാണ് ഇതിന്റെ വിവക്ഷ. ഗുണകാംക്ഷയില്ലാത്ത ജീവിതം ആക്ഷേപാർഹവും ഖേദകരവുമാകുമെന്നതിനാൽ തന്നെ യഥാർഥ മുസ്‌ലിമിന്റെ ജീവിത പങ്കാളിയാണിതെന്നതിൽ സംശയമില്ല.

അല്ലാഹു പറയുന്നു: "പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു"(ക്വുർആൻ 5:2).

'അബൂഹുറയ്‌റ(റ)വിൽനിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "ഒരാൾ ഒരു നല്ല മാർഗത്തിലേക്ക് ക്ഷണിച്ചാൽ അയാളെ പിന്തുടരുന്നവർക്ക് ലഭിക്കുന്നതിന് തുല്യമായ പ്രതിഫലം ആ ക്ഷണിച്ചയാൾക്കും ലഭിക്കുന്നതാണ്. അവരുടെ പ്രതിഫലത്തിന് ഒരു കോട്ടവും തട്ടാതെ തന്നെ. ഒരാൾ ഒരു തെറ്റിലേക്ക് ക്ഷണിച്ചാൽ അയാളെ പിന്തുടരുന്നവരുടെതിനു തുല്യമായ ഒരു കുറ്റം അയാൾക്കുമുണ്ട്. അവരുടെ കുറ്റത്തിൽ നിന്നൊന്നും കുറയാതെ തന്നെ" (മുസ്‌ലിം).

ഇസ്‌ലാം ഈ സ്വഭാവഗുണത്തിന് നൽകിയ സ്ഥാനം എത്രമേൽ വലുതാണെന്ന് ബോധ്യമാകാൻ പ്രവാചകന്മാരുടെ ജീവിതം തന്നെ മതിയായ തെളിവാണ്.




**പ്രവാചകനോടുള്ള ഗുണകാംക്ഷ എന്നാൽ പ്രവാചക സന്ദേശത്തെ സത്യപ്പെടുത്തലും അതിന് ആദരവും ബഹുമാനവും സഹായവും നൽകി അവിടുന്ന് കൽപിച്ചതിലും വിരോധിച്ചതിലും വിശ്വാസവും അനുസരണവും കാണിച്ച്, നബിചര്യയെ ജീവിപ്പിച്ചും വ്യാപിപ്പിച്ചും അതിന് നേരെയുള്ള ആക്ഷേപങ്ങളെ ഖണ്ഡിച്ചും അതിനെ പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും മര്യാദ കാണിച്ചും അതിന്റെ അനുയായികളെ സ്നേഹിച്ചും പുത്തനാചാരക്കാരിൽ നിന്ന് അകന്നും ജീവിക്കുക എന്നതാണ്.**

നൂഹ് നബി(അ) പറഞ്ഞതായി ക്വുർആൻ പറയുന്നു: "എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരികയും നിങ്ങളോട് ആത്മാർഥമായി ഉപദേശിക്കുകയുമാകുന്നു..." (7:62)

ഹൂദ് നബി(അ) പറഞ്ഞതായി ക്വുർആൻ പറയുന്നു: "എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു. ഞാൻ നിങ്ങളുടെ വിശ്വസ്തനായ ഗുണകക്ഷിയുമാകുന്നു"(7:68).

സ്വാലിഹ് നബി(അ) പറഞ്ഞതായി ക്വുർആൻ പറയുന്നു: '...എന്റെ ജനങ്ങളേ, തീർച്ചയായും ഞാൻ നിങ്ങൾക്ക് എന്റെ രക്ഷിതാവിന്റെ സന്ദേശം എത്തിച്ചു തരികയും ആത്മാർഥമായി ഞാൻ നിങ്ങളോട് ഉപദേശിക്കുകയുമുണ്ടായി. പക്ഷേ, സദുപദേശികളെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല" (7:79).

ശുഐബ് നബി(അ) പറഞ്ഞതായി ക്വുർആൻ പറയുന്നു: "...എന്റെ ജനങ്ങളെ, തീർച്ചയായും ഞാൻ നിങ്ങൾക്ക് എന്റെ രക്ഷിതാവിന്റെ സന്ദേശം എത്തിച്ചു തരികയും ആത്മാർഥമായി ഞാൻ നിങ്ങളോട് ഉപദേശിക്കുകയുമുണ്ടായി..."(7:93).

നബി(ﷺ) ഗുണകാംക്ഷ എന്ന നന്മക്ക് പ്രാമുഖ്യം നൽകിയതിന് സ്വഹാബത്ത് കൊടുത്ത അംഗീകാരം ശ്രദ്ധേയമാണ്.

ജാബിർ ഇബ്നു അബ്ദുല്ല(റ)യിൽ നിന്ന്; നബി(ﷺ) പറഞ്ഞു: "എന്നെക്കുറിച്ച് (നാളെ) ചോദിക്കപ്പെടുമ്പോൾ നിങ്ങൾ എന്ത് (മറുപടി) പറയും?" അവർ പറഞ്ഞു: "അങ്ങ്(അല്ലാഹുവിന്റെ) സന്ദേശം എത്തിച്ചുതന്നു. (ഉത്തരവാദിത്തം) നിറവേറ്റി. (സമുദായത്തിന്) ആവശ്യമായ ഗുണകാംക്ഷ നൽകി." അപ്പോൾ അവിടുന്ന് ചൂണ്ടുവിരൽ ആകാശത്തേക്ക് ഉയർത്തുകയും ജനങ്ങളിലേക്ക് താഴ്ത്തി ചൂണ്ടുകയും ചെയ്തു കൊണ്ട് മൂന്ന് തവണ 'അല്ലാഹുവേ, നീ ഇതിന് സാക്ഷിയാണ്' എന്ന് പറഞ്ഞു" (മുസ്‌ലിം).

പ്രവാചകന്മാരുടെ ജീവിതത്തിലെ സവിശേഷതയായി അല്ലാഹു എടുത്തു പറഞ്ഞ ഈ കാര്യത്തിൽ സ്വഹാബത്തിന്റെ നിലപാടും ഏറെ മാതൃകാപരമാണ്.

ജരീർ(റ)വിൽ നിന്ന് നിവേദനം: "ഞാൻ നമസ്കാരം നിലനിർത്താമെന്നും സകാത്ത് നൽകാമെന്നും എല്ലാ മുസ്‌ലിംകളോടും ഗുണകാംക്ഷ കാണിക്കാമെന്നും നബി(ﷺ)യോട് ഞാൻ കരാർ ചെയ്തിട്ടുണ്ട്" (മുസ്‌ലിം).

ഗുണകാംക്ഷയെ സംബന്ധിച്ചുള്ള ഇസ്‌ലാമിന്റെ പൊതു നിർദേശം ഇതാണ്: തമീമുദ്ദാരി(റ)യിൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "മതം ഗുണകാംക്ഷയാണ്." ഞങ്ങൾ ചോദിച്ചു: "ആരോട്?" നബി(ﷺ) പറഞ്ഞു: "അല്ലാഹുവിനോടും അവന്റെ ഗ്രന്ഥത്തോടും അവന്റെ ദൂതനോടും മുസ്‌ലിം നേതാക്കളോടും അവരിലെ പൊതുജനങ്ങളോടും"(മുസ്‌ലിം).

**ക്വുർആനിനോടുള്ള ഗുണകാംക്ഷ എന്നാൽ അത് അല്ലാഹുവിന്റെ സംസാരവും അവനിൽ നിന്ന് ഇറങ്ങിയതും സൃഷ്ടികളിൽ ആർക്കും അത് പോലുള്ള ഒന്ന് കൊണ്ടുവരിക സാധ്യമല്ലെന്ന് വിശ്വസിക്കലുമാണ്. ക്വുർആനിനെ മഹത്ത്വപ്പെടുത്തി, അതിന്റെ പാരായണത്തെ നന്നാക്കി, ഭയഭക്തിയോടെ പഠിച്ചും പഠിപ്പിച്ചും അതിൽ പറഞ്ഞ മതവിധികൾക്ക് കീഴ്പ്പെട്ടും അതിനെ ദുർവ്യാഖ്യാനിക്കുന്നതും എതിർക്കുന്നതും തടഞ്ഞ് അതിലുള്ളതിനെ പരിപൂർണമായും സത്യപ്പെടുത്തി നിലകൊള്ളുക എന്നതാണ്.**




ഇമാം മുസ്‌ലിം ഈ ഹദീഥിന് നൽകിയ വിശദീകരണം ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു:

"അല്ലാഹുവിനോടുള്ള ഗുണകാംക്ഷ എന്നാൽ അല്ലാഹുവിൽ വിശ്വസിച്ച്, ശിർക്കിനെ വെടിഞ്ഞ്, അവന്റെ വിശേഷണങ്ങളെ ദുർവ്യാഖ്യാനിക്കാതെ, സകല ന്യൂനതകളിൽ നിന്നും അല്ലാഹുവിനെ പരിശുദ്ധപ്പെടുത്തലും അവനെ അനുസരിച്ചും ധിക്കരിക്കുന്നതിനെ തടഞ്ഞും അവന്റെ മാർഗത്തെ പിൻപറ്റുന്നവരെ ഇഷ്ടപ്പെട്ടും എതിർക്കുന്നവരെ വെറുത്തും അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി കാണിച്ചും കഴിയുക എന്നതാണ്.

ക്വുർആനിനോടുള്ള ഗുണകാംക്ഷ എന്നാൽ അത് അല്ലാഹുവിന്റെ സംസാരവും അവനിൽ നിന്ന് ഇറങ്ങിയതും സൃഷ്ടികളിൽ ആർക്കും അത് പോലുള്ള ഒന്ന് കൊണ്ടുവരിക സാധ്യമല്ലെന്ന് വിശ്വസിക്കലുമാണ്. ക്വുർആനിനെ മഹത്ത്വപ്പെടുത്തി, അതിന്റെ പാരായണത്തെ നന്നാക്കി, ഭയഭക്തിയോടെ പഠിച്ചും പഠിപ്പിച്ചും അതിൽ പറഞ്ഞ മതവിധികൾക്ക് കീഴ്പ്പെട്ടും അതിനെ ദുർവ്യാഖ്യാനിക്കുന്നതും എതിർക്കുന്നതും തടഞ്ഞ് അതിലുള്ളതിനെ പരിപൂർണമായും സത്യപ്പെടുത്തി നിലകൊള്ളുക എന്നതാണ്.

പ്രവാചകനോടുള്ള ഗുണകാംക്ഷ എന്നാൽ പ്രവാചക സന്ദേശത്തെ സത്യപ്പെടുത്തലും അതിന് ആദരവും ബഹുമാനവും സഹായവും നൽകി അവിടുന്ന് കൽപിച്ചതിലും വിരോധിച്ചതിലും വിശ്വാസവും അനുസരണവും കാണിച്ച്, നബിചര്യയെ ജീവിപ്പിച്ചും വ്യാപിപ്പിച്ചും അതിന് നേരെയുള്ള ആക്ഷേപങ്ങളെ ഖണ്ഡിച്ചും അതിനെ പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും മര്യാദ കാണിച്ചും അതിന്റെ അനുയായികളെ സ്നേഹിച്ചും പുത്തനാചാരക്കാരിൽ നിന്ന് അകന്നും ജീവിക്കുക എന്നതാണ്.

മുസ്‌ലിം നേതാക്കളോടുള്ള ഗുണകാംക്ഷ എന്നാൽ 'സത്യ'ത്തിനായി അവരെ സഹായിക്കലും അനുസരിക്കലും അത് കൊണ്ട് കൽപിക്കലുമാണ്. ബാധ്യതാ നിർവഹണത്തിൽ അവർ അശ്രദ്ധരായാൽ അവരെ ഉണർത്തുന്നേടത്ത് അനുകമ്പയും മൃദുലതയും കൈക്കൊണ്ട്, അവർക്കെതിരെ തിരിയാതെ അവരെ അനുസരിക്കുന്നതിലേക്ക് ജനമനസ്സുകളെ ഇണക്കലുമാണ്.

പൊതുജനത്തോടുള്ള ഗുണകാംക്ഷ എന്നാൽ ഇരുലോകത്തും നന്മയാകുന്ന കാര്യങ്ങളിലേക്ക് അവരെ വഴിനടത്തുക, പ്രയാസങ്ങൾ നീക്കുക, മത വിഷയങ്ങളിൽ അറിയാത്തത് പഠിപ്പിക്കുക, ന്യൂനതകൾ മറച്ചുവെക്കുക, ആത്മാർഥതയോടും സൗഹൃദത്തോടെയും നന്മ കൽപിക്കുക, തിന്മ വിരോധിക്കുക, അസൂയയും ചതിയും വെടിഞ്ഞ് അവരിലെ വലിയവരെ ബഹുമാനിക്കുക, ചെറിയവരോട് കരുണ കാണിക്കുക, അവരുടെ അഭിമാനത്തിന് ക്ഷതമേൽപിക്കാതെ സ്വന്തത്തിന് ഇഷ്ടപ്പെടുന്ന നന്മ അവർക്കും ആഗ്രഹിച്ച് പെരുമാറുക എന്നതാണ്" (ശർഹു മുസ്‌ലിം, ഇമാം നവവി, വാള്യം1, പേജ് 249,250).

ഇസ്‌ലാം മുൻഗണന നൽകി പഠിപ്പിച്ച ഈ സദ്ഗുണത്തെ ഇപ്രകാരം കാത്ത് സൂക്ഷിക്കാൻ കഴിയുക എന്നതിലാണ് യഥാർഥ വിജയം സാധ്യമാവുക.

ഏത് രംഗത്തും ആരോടുള്ള പെരുമാറ്റത്തിലും ഗുണകാംക്ഷ വെച്ചുപുലർത്താൻ വിശ്വാസികൾക്ക് കഴിയേണ്ടതുണ്ട്. അസൂയയും അഹന്തയും സ്വാർഥതയുമില്ലാത്ത, മാനസിക വിശുദ്ധിയുള്ളവർക്കേ മറ്റുള്ളവർ നന്നാകണമെന്ന ആത്മാർഥമായ ആഗ്രഹമുണ്ടാകൂ. ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കുന്നവരുടെ ഉപദേശങ്ങൾക്കേ സമൂഹത്തിൽ മാറ്റമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 74

# അൽമുദ്ദസ്സിർ (പുതച്ചുമൂടിയവൻ)

1) ഹേ, പുതച്ചു മൂടിയവനേ,

2) എഴുന്നേറ്റ് (ജനങ്ങളെ) താക്കീത് ചെയ്യുക.

3) നിന്റെ രക്ഷിതാവിനെ മഹത്ത്വപ്പെടുത്തുകയും

4) നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും

5) പാപം വെടിയുകയും ചെയ്യുക.

6) കൂടുതൽ നേട്ടം കൊതിച്ചുകൊണ്ട് നീ ഔദാര്യം ചെയ്യരുത്.

7) നിന്റെ രക്ഷിതാവിനു വേണ്ടി നീ ക്ഷമ കൈക്കൊള്ളുക.

8) എന്നാൽ കാഹളത്തിൽ മുഴക്കപ്പെട്ടാൽ;

9) അന്ന് അത് ഒരു പ്രയാസകരമായ ദിവസമായിരിക്കും.

10) സത്യനിഷേധികൾക്ക് എളുപ്പമുള്ളതല്ലാത്ത ഒരു ദിവസം!

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ
يَٰٓأَيُّهَا ٱلْمُدَّثِّرُ ﴿١﴾ قُمْ فَأَنذِرْ ﴿٢﴾ وَرَبَّكَ فَكَبِّرْ
﴿٣﴾ وَثِيَابَكَ فَطَهِّرْ ﴿٤﴾ وَٱلرُّجْزَ فَٱهْجُرْ ﴿٥﴾
وَلَا تَمْنُن تَسْتَكْثِرُ ﴿٦﴾ وَلِرَبِّكَ فَٱصْبِرْ ﴿٧﴾
فَإِذَا نُقِرَ فِى ٱلنَّاقُورِ ﴿٨﴾ فَذَٰلِكَ يَوْمَئِذٍ يَوْمٌ عَسِيرٌ
﴿٩﴾ عَلَى ٱلْكَٰفِرِينَ غَيْرُ يَسِيرٍ ﴿١٠﴾

1,2) കഴിഞ്ഞ സൂറത്തിൽ പറഞ്ഞ മുദ്ദസ്സിർ, മുസ്സമ്മിൽ എന്നീ രണ്ടു പദങ്ങൾക്കും ഒരേ അർഥമാണുള്ളത്. ഗുണം ആരാധിക്കുന്ന വ്യക്തിയിൽ മാത്രം പരിമിതമാകുന്ന(القاصرة) ആരാധനകളിലും ഗുണം മറ്റുള്ളവരിലേക്കു കൂടി എത്തുന്ന(المتعدية) ആരാധനകളിലും ഉത്സാഹിക്കാൻ അല്ലാഹു തന്റെ ദൂതനോട് കൽപിക്കുന്നു. ശ്രേഷ്ഠമായ ആരാധനകളെക്കുറിച്ചും തന്റെ ജനതയുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കേണ്ടതിനെക്കുറിച്ചുമുള്ള നിർദേശങ്ങൾ നേരത്തെ പരാമർശിക്കപ്പെട്ടു. താക്കീതുകൾ ഉറക്കെപ്പറയാനും പ്രബോധനം പരസ്യമാക്കാനുമാണ് ഇവിടെ കൽപിക്കുന്നത്. അല്ലാഹു പറയുന്നു: (എഴുന്നേൽക്കുക). ഉന്മേഷത്തോടെയും പരിശ്രമത്തോടെയും. (എന്നിട്ട് ജനങ്ങളെ താക്കീത് ചെയ്യുക) ഉദ്ദേശം മനസ്സിലാകുന്ന വിധത്തിലും താക്കീത് ചെയ്യപ്പെടുന്നവന്റെ അവസ്ഥ ഉൾക്കൊണ്ട വിധത്തിലുള്ള പ്രവർത്തിയും വാക്കും കൊണ്ട് നീ ജനങ്ങളെ താക്കീത് ചെയ്യുക. അത് അത്തരം കാര്യങ്ങൾ ഉപേക്ഷിക്കാൻ അവന് കൂടുതൽ സഹായകമാകും.

3) (നിന്റെ രക്ഷിതാവിനെ മഹത്ത്വപ്പെടുത്തുകയും) അവന്റെ ഏകത്വത്തെ നീ മഹത്ത്വപ്പെടുത്തുക. ഈ താക്കീതിൽ നിന്റെ ലക്ഷ്യം അല്ലാഹുവിന്റെ പ്രീതി ആയിരിക്കണം. അവന്റെ അടിമകൾ അവനെ മഹത്ത്വപ്പെടുത്തുകയും അവനുള്ള ആരാധനകൾ നിർവഹിക്കുകയും ചെയ്യണം.

(4) (നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും ചെയ്യുക). വസ്ത്രങ്ങൾ കൊണ്ട് ഉദ്ദേശ്യം നബിﷺയുടെ എല്ലാ പ്രവർത്തനങ്ങളുമാണ്. ശുദ്ധീകരിക്കൽ കൊണ്ട് ഉദ്ദേശിക്കുന്നത് അതിനെ നിഷ്കളങ്കമാക്കലും അതിൽ ഗുണകാംക്ഷ പുലർത്തലും ഏറ്റവും നല്ല രൂപത്തിൽ അത് നിർവഹിക്കലുമാണ്. അതിനെ നിഷ്ഫലവും അസ്വീകാര്യവും അപൂർണവുമാക്കുന്ന ശിർക്ക്, ലോകമാന്യം, കാപട്യം, സ്വയം മഹത്ത്വപ്പെടുത്തൽ, അഹങ്കാരം, അശ്രദ്ധ അതല്ലാത്ത ആരാധനകളിൽ കടന്നുകൂടാൻ പാടില്ലാത്ത മറ്റു കാര്യങ്ങളിൽ നിന്നെല്ലാം പരിശുദ്ധമാവുക എന്നതാണ്. മാലിന്യങ്ങളിൽ നിന്നും വസ്ത്രം ശുദ്ധിയാവലും അതിൽ ഉൾപ്പെടും. പ്രവർത്തനങ്ങളിലെ സമ്പൂർണ വിശുദ്ധിയാണത്. പ്രത്യേകിച്ചും നമസ്കാരത്തിൽ. അതാണ് അധിക പണ്ഡിതന്മാരുടെയും അഭിപ്രായം. നമസ്കാരം മാലിന്യ മുക്തമാവുക എന്നത് അതിന്റെ നിബന്ധനകളിൽ ഒന്നാണ്. ഇവിടെ ഉദ്ദേശ്യം യഥാർഥ വസ്ത്രം തന്നെ ആകാനും സാധ്യതയുണ്ട്. എല്ലാ സമയങ്ങളിലും എല്ലാവിധ മാലിന്യങ്ങളിൽ നിന്നും പരിശുദ്ധമായിരിക്കണമെന്നാണ് കൽപിക്കപ്പെട്ടത്. പ്രത്യേകിച്ചും നമസ്കാര സന്ദർഭങ്ങളിൽ.

5) ഇവിടെ കൽപിക്കുന്നത് ബാഹ്യശുദ്ധിയെക്കുറിച്ചാണെങ്കിലും ബാഹ്യശുദ്ധി ആന്തരിക ശുദ്ധിയുടെ പൂർണതയാണ്. (പാപം വെടിയുകയും ചെയ്യുക). (رجز) കൊണ്ട് ഉദ്ദേശ്യം അല്ലാഹുവോടൊപ്പം ആരാധിക്കപ്പെടുന്ന ബിംബങ്ങളും പ്രതിരൂപങ്ങളുമാകാം. അതുപേക്ഷിക്കാനും അതുമായി ബന്ധപ്പെട്ട എല്ലാ വാക്കുകളിൽ നിന്നും പ്രവർത്തികളിൽ നിന്നും മാറിനിൽക്കാനും അല്ലാഹു കൽപിക്കുന്നു. തെറ്റായ എല്ലാ വാക്കുകളും പ്രവർത്തികളും (رجز) ഇതിൽ ഉൾപ്പെടാം. ചെറുതും വലുതും പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ തിന്മകളും ഉപേക്ഷിക്കണമെന്നായിരിക്കും ഇവിടെയുള്ള നിർദേശം. അതിൽ ശിർക്കും അല്ലാത്തതുമെല്ലാം ഉൾപ്പെടും.

6). (കൂടുതൽ നേട്ടം കൊതിച്ച് കൊണ്ട് നീ ഔദാര്യം ചെയ്യരുത്). മതപരവും ഭൗതികവുമായ അനുഗ്രഹങ്ങളിൽ നിന്ന് നീ ജനങ്ങൾക്ക് നൽകിയതിൽ നീ കൂടുതൽ നേട്ടം ആഗ്രഹിക്കരുത്. അതിൽ നേട്ടം ആഗ്രഹിക്കാനും അവരുടെ മേൽ മഹത്ത്വം കാണിക്കാനും പാടില്ല. മറിച്ച് നിനക്ക് സാധിക്കുന്നതു പോലെ ജനങ്ങൾക്ക് നന്മ ചെയ്യുക. അവർക്ക് ചെയ്ത നന്മകളെ മറക്കുക. പ്രതിഫലം അല്ലാഹുവിൽ നിന്ന് പ്രതീക്ഷിക്കുക. നീ നന്മ ചെയ്തുകൊടുത്തവരെയും അല്ലാത്തവരെയും നീ ഒരുപോലെ കാണുക. മറ്റൊരഭിപ്രായം: നീ ഒരാൾക്കും കൂടുതൽ പ്രത്യുപകാരം പ്രതീക്ഷിച്ച് ഒന്നും നൽകരുത്. ഒരുപക്ഷേ, ഈ കാര്യം നബിﷺക്ക് മാത്രം പ്രത്യേകമായിരിക്കും.

7) (നിന്റെ രക്ഷിതാവിനു വേണ്ടി നീ ക്ഷമ കൈക്കൊള്ളുക). ക്ഷമയിൽ നീ അല്ലാഹുവിന്റെ പ്രതിഫലം പ്രതീക്ഷിക്കുക. അതുമൂലം അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിക്കുകയും ചെയ്യുക. അങ്ങനെ നബിﷺ തന്റെ രക്ഷിതാവിന്റെ കൽപനകളെ ജീവിതത്തിൽ പകർത്തി. അതിൽ ഉത്സാഹം കാണിച്ചു. ആത്മീയമായ എല്ലാ നിർദേശങ്ങളും വ്യക്തമായ വചനങ്ങൾ കൊണ്ട് വശദീകരിച്ച് കൊടുത്തു. അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുകയും അവനെ മഹത്ത്വപ്പെടുത്താൻ സൃഷ്ടികളെ ക്ഷണിക്കുകയും ചെയ്തു. പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ പ്രവർത്തനങ്ങളും തിന്മകളിൽ നിന്ന് ശുദ്ധമാക്കി. അല്ലാഹുവിന് പുറമെ അവനോടൊപ്പം ആരാധിക്കപ്പെടുന്ന എല്ലാ ബിംബങ്ങളിൽ നിന്നും തിന്മകളിൽ നിന്നും അതിന്റെ വക്താക്കളിൽ നിന്നും മാറി നിന്നു. അല്ലാഹു നൽകിയ അനുഗ്രഹങ്ങളോടൊപ്പം ജനങ്ങൾക്ക് പല നന്മകളും നബിﷺ നൽകിയിട്ടുണ്ട്; യാതൊരു പ്രതിഫലമോ നന്ദിയോ പ്രതീക്ഷിക്കാതെ. തന്റെ രക്ഷിതാവിന് വേണ്ടി സമ്പൂർണമായ ക്ഷമ അദ്ദേഹം കൈക്കൊണ്ടു. അതായത് അവന്റെ കൽപനകൾ അനുസരിക്കുന്ന കാര്യത്തിലുള്ള ക്ഷമ, തെറ്റുകളിൽ നിന്ന് മാറി നിൽക്കാനുള്ള ക്ഷമ, അല്ലാഹുവിന്റെ വേദനിക്കുന്ന വിധികളിൽ കാണിച്ച ക്ഷമ. അങ്ങനെ അദ്ദേഹം ദൃഢമനസ്കരായ ദൈവദൂതന്മാരിൽ ഉന്നതനായി. അവരുടെ മേൽ അല്ലാഹുവിന്റെ രക്ഷയും അനുഗ്രഹങ്ങളും ഉണ്ടാവട്ടെ.

8-10) അങ്ങനെ ക്വബ്റുകളിൽ നിന്നും ഉയിർത്തെഴുന്നേൽപിന് വേണ്ടി കാഹളത്തിൽ ഊതപ്പെട്ടാൽ. സൃഷ്ടികൾ ഉയിർത്തെഴുന്നേൽപിനും വിചാരണക്കും ഒരുമിച്ച് കൂട്ടപ്പെടുകയും ചെയ്യപ്പെട്ടാൽ. (അന്ന് അത് ഒരു പ്രയാസകരമായ ദിവസമായിരിക്കും). അതിന്റെ പ്രയാസങ്ങളുടെയും ഭീകരാവസ്ഥയുടെയും കാഠിന്യത്താൽ. (സത്യനിഷേധികൾക്ക് എളുപ്പമല്ലാത്ത ഒരു ദിവസം) കാരണം അവർ എല്ലാ നന്മകളിലും നിരാശരാണ്. നാശവും ദുരന്തവും അവർക്ക് ഉറപ്പാവുകയും ചെയ്തു. വിശ്വാസികൾക്ക് ആ ദിനം ആശ്വാസകരമായിരിക്കുമെന്നും മനസ്സിലാക്കാം.

يَقُولُ ٱلْكَٰفِرُونَ هَٰذَا يَوْمٌ عَسِرٌ ﴿٨﴾

"സത്യനിഷേധികൾ പറയും: ഇതൊരു പ്രയാസകരമായ ദിവസമാകുന്നു" (54:8).

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com




# വിരമിക്കാത്ത വിരാമം

പെൻഷൻ പറ്റിയ ഒരു മേലുദ്യോഗസ്ഥൻ കാണാൻ വന്നു. വർഷങ്ങൾക്ക് മുമ്പ് ഒന്നിച്ച് ജോലി ചെയ്തിരുന്നതാണ്. കണ്ടാൽ പണ്ടത്തേതിനെക്കാൾ ഊർജസ്വലൻ! രാവിലെ പറമ്പിൽ കൊത്തിക്കിളച്ച് ഇത്തിരി പച്ചക്കറി കൃഷിയൊക്കെ ചെയ്യുന്ന ആളാണെന്ന് നേരത്തെ അറിയാം. എന്നാൽ അതിലുപരി ഇഷ്ടപ്പെട്ട മറ്റൊരു മേഖലയിൽ വ്യാപൃതനായതാണ് ഇപ്പോഴത്തെ ഉത്സാഹത്തിനു മുഖ്യ കാരണം.

അടുത്തൂൺ പറ്റുന്നതിന് മുമ്പേ അദ്ദേഹം നിയമ പഠനം തുടങ്ങിയിരുന്നു. പെൻഷൻ ആയ ഉടനെ ബാക്കി പൂർത്തിയാക്കി. ചെറിയ തോതിൽ കുടുംബ കോടതിയിൽ പ്രാക്ടീസ് തുടങ്ങി, ഒപ്പം കൗൺസലിംഗും.

അദ്ദേഹത്തിന്റെ അഭിപ്രായ പ്രകാരം, ജോലിയിൽ നിന്ന് പിരിയുന്നതിന് രണ്ടുമൂന്ന് വർഷം മുമ്പ് തന്നെ 'പിന്നീട് എന്ത്' എന്ന് ആലോചിച്ച് തീരുമാനിക്കണം. അതിന് അനുസരിച്ച് പഠനം, വായന, പരിശീലനം, എന്തൊക്കെയാണോ വേണ്ടത് അതിനൊക്കെ നേരത്തെ കാലത്തെ ഒരുങ്ങണം. കൃഷി, കൗൺസലിംഗ്, സാമൂഹ്യ പ്രവർത്തനം, ഓഫീസ് ജോലി, അധ്യാപനം, എഴുത്ത്, വര തുടങ്ങി മാനസികവും ശാരീരികവുമായ ഉത്സാഹം കിട്ടുന്ന എന്തും ചെയ്യാം. സാമ്പത്തിക വരുമാനം കിട്ടുന്ന ഇനം ആണെങ്കിൽ ഉഷാർ! പക്ഷേ, ലക്ഷ്യം പണത്തിലേക്ക് ചുരുങ്ങരുത് എന്ന് മാത്രം. മുൻകൂട്ടിയുള്ള തയ്യാറെടുപ്പും ആസൂത്രണവും അനിവാര്യം.

പെൻഷൻ പറ്റുക എന്നത് സർക്കാർ, സ്വകാര്യ ജീവനക്കാർക്ക് മാത്രം ഉള്ളതെന്ന് ധരിക്കാതിരിക്കുക. പതിവ് ജോലി നിർത്തുന്ന എല്ലാവർക്കും, പ്രവാസികൾ ഉൾപെടെയുള്ളവർക്കും ഈ റിട്ടയർമെന്റ് ഉണ്ട്.

അതിവേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്ന തീവണ്ടി, വേഗത കുറഞ്ഞ മറ്റൊരു ട്രാക്കിലേക്ക് മാറിയത് പോലെയാണ് പെൻഷൻ ആകുന്നവരുടെ കാര്യങ്ങൾ. ജോലിത്തിരക്ക് കൊണ്ട് ഒന്നിനും സമയം തികയാതിരുന്ന അയാൾക്ക് ഒന്നും ചെയ്യാനില്ലാത്ത അവസ്ഥ! വീട്ടുകാരും കൂട്ടുകാരും നാട്ടുകാരും അയാളോട് പെൻഷനായി അല്ലേ എന്ന് ചോദിക്കുന്നതോടെ അയാൾ തളരും. ജോലിക്കാലത്ത് ആഗ്രഹിച്ച സേവനം ഉദ്യോഗസ്ഥനിൽ നിന്ന് കിട്ടാതെ കലിപ്പിലായിരുന്ന ചിലരെങ്കിലും ഇല്ലാതിരിക്കില്ല. അത്തരക്കാർ ഈ അവസരം അയാളെ മുറിവേൽപിക്കാൻ പരമാവധി ഉപയോഗിക്കുകയും ചെയ്യും.

ഔദ്യോഗിക, സൗഹൃദ മണ്ഡലങ്ങളിൽ സജീവമായിരുന്ന ഒരു ഉദ്യോഗസ്ഥൻ വിരമിച്ചതോടെ എല്ലാറ്റിൽ നിന്നും ഒളിച്ചോടിയത് എനിക്ക് നേരിട്ടറിവുണ്ട്. ഫോൺ സ്വിച്ചോഫ് ചെയ്ത് സോഷ്യൽ മീഡിയയിൽ നിന്ന് വരെ വിരമിച്ച് അവനവൻ നിർമിച്ച വല്മീകത്തിൽ ചുരുണ്ട് കൂടി കാലംകഴിക്കുന്നവരുമുണ്ട് പെൻഷൻകാരുടെ കൂട്ടത്തിൽ.

നല്ല സൗഹൃദത്തിന് വല്ലാത്തൊരു ഔഷധ ഗുണമുണ്ട്. ചെറിയ മുറിവുകളെയത് ആരുമറിയാതെ കരിച്ച് കളയും. ഔദ്യോഗിക ബന്ധങ്ങൾ തുടരാൻ ആവില്ലെങ്കിലും മനസ്സിനോട് ചേർന്നുനിൽക്കുന്ന ചുരുക്കം വ്യക്തി ബന്ധങ്ങൾ വെട്ടിമുറിക്കുന്നത് മനോനിലക്ക് കാര്യമായ പരിക്കുണ്ടാക്കും. റിട്ടയർമെന്റ് എന്നത് അവസാനമല്ല. ഔദ്യോഗിക കെട്ടിക്കുരുക്കുകളോ മേലുദ്യോഗസ്ഥന്റെ ചുട്ട നോട്ടമോ ഓഡിറ്റോ ഇല്ലാത്ത, കൂടുതൽ സ്വാതന്ത്ര്യവും വിശാലവുമായ ഇഷ്ടപ്പെട്ട ഇടങ്ങളിലേക്കുള്ള മനസ്സുമാറ്റമാണ് അതെന്ന് തിരിച്ചറിയുക. കുടുംബ കാര്യങ്ങളിലും ആത്മീയ വിഷയങ്ങളിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാൻ ശ്രമിച്ചാൽ ജീവിതം കൂടുതൽ ആസ്വാദ്യകരമാകുമെന്നതിൽ സംശയമില്ല.




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക


Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
03 AUGUST 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING II DISTRIBUTION
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
Tel: 0495 4019437




# ബലികർമം: നാം അറിയേണ്ടത്

**അൽ ഹിന്ദ് റിസർച്ച് അക്കാദമി / വില: ₹ 25**

നമസ്കാരത്തോടൊപ്പം അല്ലാഹു ചേർത്തുപറഞ്ഞ ആരാധനയാണ് ബലികർമം. അതുമായി ബന്ധപ്പെട്ട് ഒരു വിശ്വാസി അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളും ഈ കൃതി ചർച്ച ചെയ്യുന്നു. ആദ്യമായാണ് ഇത്തരമൊരു കൃതി മലയാളത്തിൽ പുറത്തിറങ്ങുന്നത്.

## പുതിയ മറ്റു പുസ്തകങ്ങൾ

| | |
|---|---|
| 1. അഹ്ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം | മൂസ സ്വലാഹി കാര / ₹ 240 |
| 2. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും | ഹുസൈൻ സലഫി / ₹ 70 |
| 3. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും | മുബാറക് ബിൻ ഉമർ / ₹ 150 |
| 4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 5. നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60 |
| 6. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 40 |
| 7. ഭരണകൂടഭീകരത | പി.വി.എ പ്രിംറോസ് / ₹ 60 |